കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/851/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 17/12/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/851/2023 തീയ്യതി: 17/12/2023

കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീമതി.രേഖ.ആർ	ഡെപ്യൂട്ടി ഡയറക്ടർ	08-11-2023	16-11-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
08-11-2023	16-11-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിനോദ് കുമാർ. സി, ഓഡിറ്റ് ഓഫീസർ
ശ്രീ. തോമസ്. കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. കെ.സി. കുഞ്ഞിക്കൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺദേവ് വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ബിന്ദു. വി.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജയിംസ് പന്തമ്മാക്കൽ	പ്രസിഡന്റ്	01-04-2022	20-02-2023
ശ്രീമതി.ഫിലോമിന ജോണി	പ്രസിഡന്റ്	21-02-2023	31-03-2023
ശ്രീ.ബിജു.കെ	സെക്രട്ടറി	01-04-2022	10-07-2022
ശ്രീ.സന്തോഷ് കുമാർ.ടി.പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	11-07-2022	24-07-2022
ശ്രീ.ബിജു.കെ	സെക്രട്ടറി	25-07-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സന്തോഷ് കുമാർ ടി.പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-03-2023
ശ്രീ.മോഹനൻ.പി.വി	അസിസ്റ്റന്റ് എഞ്ചിനിയർ LID&EW	01-04-2022	30-04-2022
ശ്രീ.സനൽ .എ.തോമസ്	അസിസ്റ്റന്റ് എഞ്ചിനിയർ (LID&EW)	01-05-2022	18-08-2022
ശ്രീ.ശ്രീഹരി.ടി.നായർ	അസിസ്റ്റന്റ് എഞ്ചിനിയർ LID&EW	19-08-2022	31-03-2023
ശ്രീമതി.ഉമ.എസ്	കൃഷി ഓഫീസർ	01-04-2022	31-03-2023
ഡോ.വിശാലക്ഷ്മി.എൽ	വെറ്റിനറി സർജ്ജൻ	01-04-2022	31-03-2023
ശ്രീമതി.ഷീജ.ഇ.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചിറ്റാരിക്കൽ സർക്കിൾ)	01-04-2022	16-03-2023
ശ്രീ.ഷൈജു.കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചിറ്റാരിക്കൽ സർക്കിൾ)	17-03-2023	31-03-2023
ശ്രീമതി.ഷീജ.ഇ.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പാലാവയൽ സർക്കിൾ)	01-04-2022	12-10-2022
ശ്രീമതി.സ്വാതി.കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പാലാവയൽ സർക്കിൾ)	13-10-2022	29-01-2023
ശ്രീമതി.ഷീജ.ഇ.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പാലാവയൽ സർക്കിൾ)	30-01-2023	16-02-2023
ശ്രീ.മനു.പി.വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	17-02-2023	31-03-2023

	(പാലാവയൽ സർക്കിൾ)		
ശ്രീ.സെബാസ്റ്റ്യൻ.പി.എ	പ്രധാനധ്യാപകൻ	01-04-2022	30-06-2022
ശ്രീ.പ്രമോദ് കുമാർ എം.വി	പ്രധാനധ്യാപകൻ	01-07-2022	31-03-2023
ശ്രീമതി.സവിത എൻ.വി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2022	05-01-2023
ശ്രീമതി.സുമ.പി.സി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	06-01-2023	31-03-2023
ഡോ.സൂര്യ രാഘവൻ	മെഡിക്കൽ ഓഫീസർ അലോപ്പതി	01-04-2022	31-03-2023
ഡോ.അശ്വിനി.വി	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2022	31-03-2023
ഡോ.രാഖി.ടി.പി	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	01-04-2022	10-06-2022
ഡോ.രാജീവൻ.വി	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	11-06-2022	31-03-2023
ശ്രീ.ശ്രീജിത്ത്.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല	1-1-3
5	സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല	1-1-4
6	ലൈഫ് പദ്ധതി - സ്രോതസ്സിൽ നിന്നും തുക കുറവു ചെയ്തതിൽ അപാകത	1-1-5
7	എ.സി.ആർ - ചെലവു പത്രിക പൊരുത്തപ്പെടുന്നില്ല	1-1-6
8	അഡ്വാൻസ് തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു - രേഖകൾ ലഭ്യമാക്കിയിട്ടില്ല.	1-1-7
9	ഇ-പേമെന്റ് തുക നാളിതുവരേയും ബാങ്കിൽ വരവുവച്ചിട്ടില്ല	1-1-8
10	ബാങ്കിൽ നിന്നും നേരിട്ട് കുറവു ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.	1-1-9
11	ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.	1-1-10
12	ബി-4 ഷെഡ്യൂളിൽ നിലനിൽക്കുന്ന ബാധ്യത തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.	1-1-11
13	റിഡംഷൻ തുക – വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു	1-1-12
14	വാടക ഇനത്തിലെ വരവിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക തനത് വരവായി രേഖപ്പെടുത്തിയിരിക്കുന്നു.	1-1-13
15	ആംബുലൻസ് വാടക വരവ് അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.	1-1-14
16	ഒരേ ഇനത്തിലെ വരവ് വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.	1-1-15
17	ജീവനക്കാരുടെ തൊഴിൽനികുതി പൊരുത്തപ്പെടുന്നില്ല.	1-1-16
18	അക്കൗണ്ട് വിശദാംശം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-17
19	സാമൂഹ്യ സുരക്ഷ പെൻഷൻ -ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല	1-1-18
20	മറ്റ് സ്ഥിരം ആസ്തികൾ - ഡിപ്രീസിയേഷൻ ആസ്തിയേക്കാൾ അധികരിച്ചിരിക്കുന്നു.	1-1-19
21	എൻ.ആർ.ഇ.ജി.എസ് - ചെലവ് തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.	1-1-20
22	ബാങ്ക് റീക്കൺസിലിയേഷൻ പൊരുത്തപ്പെടുന്നില്ല	1-1-21
23	ബാധ്യത ഫണ്ടിന്റെ നീക്കിയിരിപ്പ് ബന്ധപ്പെട്ട അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.	1-1-22

24	തൻവർഷ വരവിനങ്ങളുടെ – ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.	1-1-23
25	ബിൽഡിംഗ് വാടക കുടിശ്ശിക – ഡി.സി.ബി പൊരുത്തപ്പെടുന്നില്ല	1-1-24
26	വസ്തു നികുതി കുടിശ്ശിക – ഡി.സി.ബി പൊരുത്തപ്പെടുന്നില്ല.	1-1-25
27	പാർട്ട് പേമെന്റ് തുക ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-26
28	ടോട്ടൽ സാനിറ്റേഷൻ - വരവ് നെഗറ്റീവ് രേഖപ്പെടുത്തിയിരിക്കുന്നു.	1-1-27
29	ശുചിത്വമിഷൻ ഗ്രാന്റ് - അധിക ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു	1-1-28
30	ചെലവ് തുക സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല	1-1-29
31	റിഡംഷൻ തുക പൂർണ്ണമായും ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-30
32	സെക്യേഡ് ലോൺ - രേഖപ്പെടുത്തിയിട്ടുള്ള തുക പൊരുത്തപ്പെടുന്നില്ല.	1-1-31
33	ബജറ്റ്	1-2
34	സാമ്പത്തിക വിശകലനം	1-3
35	ഗ്രാന്റ് വിനിയോഗം	1-4
36	പദ്ധതി അവലോകനം	1-5
37	തൊഴിലുറപ്പ് പദ്ധതി	1-6
38	ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം	1-7
39	ക്യാഷ് വെരിഫിക്കേഷൻ	1-8
40	ആഭ്യന്തര നിയന്ത്രണം	1-9
41	തനതു വരുമാനം - അവലോകനം	1-10
42	ഇ-പേമെന്റ് തുക ബാങ്കിൽ ക്രഡിറ്റായിട്ടില്ല	1-11
43	ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.	1-12
44	വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് നൽകിയിരിക്കുന്നു - രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-13
45	മൊബൈൽ ടവർ - വസ്തു നികുതി ഈടാക്കിയിട്ടില്ല.	1-14
46	കോൺട്രാക്ടർമാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-15
47	ബിൽഡിംഗ് വാടകയോടൊപ്പം ഈടാക്കിയ ജി.എസ്.ടി ഒടുക്കുവരുത്തിയിട്ടില്ല	1-16
48	ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കുന്നില്ല.	1-17

49	ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു.	1-18
50	പദ്ധതി നടത്തിപ്പിൽ മെല്ലപ്പോക്ക് - പഞ്ചായത്ത് നഷ്ടപ്പെടുത്തിയത് 1.51 കോടി രൂപ	1-19
51	ജല നിധി പദ്ധതി-കോടികൾ ചെലവഴിച്ചിട്ടും കുടിവെള്ളം വിതരണം ആരംഭിച്ചിട്ടില്ല- പദ്ധതി നടത്തിപ്പിൽ അപാകതകൾ	1-20
52	ജല നിധി പദ്ധതി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക സ്ഥിര നിക്ഷേപമായി മാറ്റി നിക്ഷേപിച്ചു. അപാകത	1-21
53	ഖരമാലിന്യ ശേഖരണം -മുച്ചക്രവാഹനം വാങ്ങിയതിലെ അപാകതകൾ	1-22
54	അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുത്തത് - നടപടിക്രമങ്ങൾ പാലിച്ചില്ല.	1-23
55	കമ്മ്യൂണിറ്റി റിക്രിയേഷൻ ക്ലബ്ബിന് ഫർണിച്ചറും, ടി,വി,യും അനുവദിച്ചത് - അപാകതകൾ	1-24
56	ഡി.പി.സി ഹാൾ നിർമ്മാണം ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.	1-25
57	ആംബുലൻസ് നടത്തിപ്പ് ചെലവ് തനത് ഫണ്ടിൽ നിന്നും അനുവദിച്ചത് സംബന്ധിച്ച്	1-26
58	പാലിയേറ്റീവ് കെയർ വാഹനം നടത്തിപ്പ് സംബന്ധിച്ച്	1-27
59	കറവപശു വളർത്തൽ (ജനറൽ)- പദ്ധതി ചെലവ് രേഖകൾ അപൂർണ്ണം.	1-28
60	വനിതകൾക്ക് പെണ്ണാട് വളർത്തൽ (എസ്.ടി) - പദ്ധതി ചെലവ് രേഖകൾ അപൂർണ്ണം	1-29
61	വനിതകൾക്ക് ആട് വളർത്തൽ പദ്ധതി (ജനറൽ) - ചെലവ് രേഖകൾ അപൂർണ്ണം.	1-30
62	ലൈഫ് ഭവന പദ്ധതി - ഗുണഭോക്താവിന് അധിക തുക അനുവദിച്ചു.	1-31
63	ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ	1-32
64	തോട്ടയംചാൽ മുനയംകുന്ന് റോഡ് വീതികൂട്ടുന്നതിനായി റോഡിന്റെ ഒരു വശത്തെ മൺതിട്ട കിളച്ചെടുക്കുന്നതിന് മെക്കാനിക്കൽ മാർഗ്ഗം ഉപയോഗിക്കാതെ മാനുവൽ മാർഗ്ഗം ഉപയോഗിച്ചതിനാൽ അധിക ചെലവ്.	1-33
65	പഞ്ചായത്ത് ഓഫീസ് റൂഫിങ് പ്രവൃത്തി-അപാകതകൾ.	1-34
66	തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല.	1-35

ഭാഗം **2**

--- No Records Found ---

ഭാഗം **3**

1	ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) - അധിക നിരക്കിൽ ആനുകൂല്യം നൽകി	3-1
ഭാഗം **4**		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
4	രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	
5	ബാലൻസ് ഷീറ്റ്	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31/07/2023 ലെ 1/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 31/07/2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
17.12.2023

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ്

നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (-9654596/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (1978915/-) തുല്യമല്ല. ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേർണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന അക്രൂവൽ എൻട്രി വർഷാവസാനമാണ് നടത്തിയത്.

ഹെഡ് കോഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയതി
110100101	വസ്തു നികുതി - പാർപ്പിടം	42201311, 31-03-2023
110100102	വസ്തു നികുതി - നോൺ റസിഡൻഷ്യൽ	42201312, 31-03-2023
110200101	തൊഴിൽ നികുതി - സ്ഥാപനം	42201296, 31-03-2023
110200105	തൊഴിൽ നികുതി - ട്രേഡേഴ്സ്	42201298, 31-03-2023
110200103	തൊഴിൽ നികുതി - പ്രൊഫഷണൽസ്	42201297, 31-03-2023
130100101	ബിൽഡിംഗ് വാടക	42201301, 31-03-2023 42201303, 31-03-2023

1-1-5 ലൈഫ് പദ്ധതി - സ്രോതസ്സിൽ നിന്നും തുക കുറവു ചെയ്തതിൽ അപാകത

2022-23 സാമ്പത്തിക വർഷത്തിൽ ലൈഫ് പദ്ധതിക്കായി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ട തുകയും പദ്ധതി പ്രകാരം ചെലവ് ചെയ്ത തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഉത്തരവ് നമ്പർ	വികസന ഫണ്ട് - എസ്.സി.പി യിൽ നിന്നും ലൈഫ് പദ്ധതിക്കായി കുറവു ചെയ്യേണ്ട തുക	തൻ വർഷം പദ്ധതി (സുലേഖ ചെലവുപത്രിക) പ്രകാരം കുറവു ചെയ്ത തുക	
		പദ്ധതി	തുക
GO(Rt) No 6872/2022/Fin, 12.10.2022	62774	268- ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി)	148000
GO(Rt) No 1049/2023/Fin, 13.02.2023	62774		
ആകെ തുക	125548	ആകെ തുക	148000

ഉത്തരവ് പ്രകാരം 125548/- രൂപ കുറവു ചെയ്യേണ്ടതിനു പകരം 148000/- രൂപയാണ് കുറവ് ചെയ്തിരിക്കുന്നത്.

ഉത്തരവ് നമ്പർ	വികസന ഫണ്ട് - ടി.എസ്.പി യിൽ നിന്നും ലൈഫ് പദ്ധതിക്കായി കുറവു ചെയ്യേണ്ട തുക	തൻ വർഷം പദ്ധതി (സുലേഖ ചെലവുപത്രിക) പ്രകാരം കുറവു ചെയ്ത തുക	
		പദ്ധതി	തുക
GO(Rt) No 6872/2022/Fin, 12.10.2022	761530	-	0
GO(Rt) No 1049/2023/Fin, 13.02.2023	761531		
TOTAL	1523061	ആകെ തുക	0

ഉത്തരവു പ്രകാരം കുറവു ചെയ്യേണ്ട 1523061/- രൂപ കുറവു ചെയ്തിട്ടില്ല.
മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/9.11.2023 ന്റെ അടിസ്ഥാനത്തിൽ ടി.എസ്.പി യിൽ നിന്നും ലൈഫ് പദ്ധതിക്കായി കുറവു ചെയ്യേണ്ട തുകയും എസ്.സി.പി യിൽ നിന്നും ലൈഫ് പദ്ധതിക്കായി അധികമായി കുറവു ചെയ്ത തുകയും 16/11/2023 ൽ ക്രമീകരിച്ചിട്ടുണ്ട്.

1-1-6 എ.സി.ആർ - ചെലവു പത്രിക പൊരുത്തപ്പെടുന്നില്ല

എ.സി.ആർ പ്രകാരവും ചെലവ് പത്രിക പ്രകാരവുമുള്ള തുകയിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ട്.

ഇനം	എ.സി.ആർ പ്രകാരം ചെലവ്	ചെലവ് പത്രിക പ്രകാരം ചെലവ്	വ്യത്യാസം
വികസന ഫണ്ട് - ജനറൽ	12866592	12808192 (14961905 - 2153713 (സ്രോതസിൽ നിന്നും കുറവു ചെയ്തത്)	58400
മെയിന്റനൻസ് ഫണ്ട് റോഡ്	11463780	9330348	2133432

മെയിന്റനൻസ് ഫണ്ട് നോൺ റോഡ്	6656000	6543731	112269

മേൽ പ്രകാരം വ്യത്യാസം വന്നിട്ടുള്ള ക്യൂബിൽ തുകകൾ എ.സി.ആറിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

1-1-7 അഡ്വാൻസ് തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു - രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1) 2021-22 സാമ്പത്തിക വർഷം മുതൽ ബാലൻസ് ഷീറ്റ് ബി- 18 ഷെഡ്യൂളിൽ "460500501 – നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ്" എന്ന ഹെഡ്ഡിൽ 457215/- രൂപ നിലനിൽക്കുന്നു.

2) 2021-22 സാമ്പത്തിക വർഷം മുതൽ ബാലൻസ് ഷീറ്റ് ബി- 18 ഷെഡ്യൂളിൽ "460100199 – മറ്റ് അഡ്വാൻസുകൾ" എന്ന ഹെഡ്ഡിൽ 8150/- രൂപ നിലനിൽക്കുന്നു.

3) ഗ്രാമലക്ഷ്മി മുദ്രാലയത്തിനു ചുവടെ പറയും പ്രകാരം തുക അഡ്വാൻസ് നൽകിയിട്ടുണ്ട്. ഈ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ക്രമ നമ്പർ	ഇനം	വൗച്ചർ നമ്പർ	തീയതി	തുക
1	രസീത് ബുക്കിനുള്ള അഡ്വാൻസ്	42100336	11-02-2022	3,540
2	ഫോമുകൾക്കും രജിസ്റ്ററുകൾക്കുമുള്ള അഡ്വാൻസ്	22200673	14-11-2022	54,482
ആകെ തുക				58,022

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 32 പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർമാർ, സപ്ലൈയർമാർ, കരാറുകാർ, അക്രഡിറ്റഡ് ഏജൻസികൾ, ഉദ്യോഗസ്ഥർ, വ്യക്തികൾ തുടങ്ങിയവർക്കുള്ള മുൻകൂറുകൾ ഉടനെയുള്ള യഥാർത്ഥ ചെലവുകൾക്ക് അനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്. ആ തുക ചെലവായി കഴിയുമ്പോൾ തുക ചെലവായതിനുള്ള രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട കാലാവധിയ്ക്കകം മുൻകൂർ തുക യഥാവിധി വിനിയോഗിക്കാതെ വരികയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

മേൽ പരാമർശ പ്രകാരമുള്ള തുകകൾ ക്രമീകരിക്കാതെ നിലനിൽക്കുന്നതിനുള്ള കാരണവും തുകകളുടെ വിശദാംശവും അഡ്വാൻസ് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/9.11.2023 ന് "460500501 – നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ്" എന്ന ഹെഡ്ഡിൽ 457215/- രൂപ 2021-22 വർഷത്തെ ശുചിത്വമിഷൻ പ്രോജക്ടിൽ നിന്നും അധികം നൽകിയ തുക അഡ്വാൻസ് ഹെഡ്ഡിലേക്ക് മാറ്റിയതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
മേൽ പ്രകാരം ക്രമീകരിക്കാതെ നിലനിൽക്കുന്ന തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

1-1-8 ഇ-പേമെന്റ് തുക നാളിതുവരേയും ബാങ്കിൽ വരവുവച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37177467731)റീക്കൺസിലിയേഷൻ പത്രിക പ്രകാരം മൂന്ന് മാസത്തിലധികമായിട്ടുള്ള 1330/-രൂപ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല. (വിശദാംശം ഖണ്ഡിക 1-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

1-1-9 ബാങ്കിൽ നിന്നും നേരിട്ട് കുറവു ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37177467731) റീക്കൺസിലിയേഷൻ പത്രിക പ്രകാരം 31-03-2023 ബാങ്കിൽ നിന്നും നേരിട്ട് കുറവു ചെയ്തതായി 58,071/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 6/10.11.2023).

1-1-10 ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ ചുവടെ പറയും പ്രകാരം തുക വർഷങ്ങളായി നിലനിൽക്കുന്നു.

2022-23	2021-22
126999 (123149 + 3850)	123149

2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിയ്ക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്ക് പഞ്ചായത്തിൽ സമർപ്പിക്കപ്പെടുകയാണെങ്കിൽ ചട്ടം 44 ൽ പറഞ്ഞിരിക്കുന്നതുപോലെ റദ്ദ് ചെയ്യേണ്ടതാണ്.

"കാലാവധി കഴിഞ്ഞ ചെക്കുകളുടെ" അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റിയിട്ടുള്ള തുകകൾ സംബന്ധിച്ച മേൽ ചട്ടം പ്രകാരമുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഈ ഇനത്തിൽ നിലനിൽക്കുന്ന 1,26,999/- രൂപയുടെ വിശദാംശവും (ചെക്ക് നമ്പർ, തീയതി, തുക, ആർക്കുനൽകി) ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 7/10.11.2023).

1-1-11 ബി-4 ഷെഡ്യൂളിൽ നിലനിൽക്കുന്ന ബാധ്യത തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ധനകാര്യപത്രിക ബി-4 ഷെഡ്യൂളിൽ പ്രകാരം ചുവടെ പറയുന്ന ഇനങ്ങളിലെ ബാധ്യത തുകകൾ വർഷങ്ങളായി നിലനിൽക്കുന്നു.

ക്രമ നമ്പർ	കോഡ്, ഇനം	തുക	റിമാർക്സ്
1	350200199, Recoveries Payable - Other Recoveries From Employees	2,168	2021-22 മുതൽ തുക നിലനിൽക്കുന്നു
2	350200201, Recoveries Payable - Income Tax Deducted At Source	5,963	2021-22 മുതൽ തുക നിലനിൽക്കുന്നു
3	350300111, Government And Other Dues Payable - Flood Cess	5,227	2021-22 മുതൽ തുക നിലനിൽക്കുന്നു
4	350300112, Government And Other Dues Payable -Value Of Court Fee Stamp	4,975	2021-22 ൽ 1910/- രൂപയും 2022-23 ൽ 4975/- രൂപയും (1910 + 3065) നിലനിൽക്കുന്നു.
5	350800199, Other Creditors	12,800	2016-17 മുതൽ തുക നിലനിൽക്കുന്നു

മേൽ തുകളുടെ വിശദാംശവും തുക നിലനിൽക്കുന്നതിനുള്ള കാരണവും വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 8/10.11.2023).

1-1-12 റിഡംഷൻ തുക – വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു

റിഡംഷൻ ഇനത്തിലെ ചുവടെ പറയും പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 52,54,752/- രൂപ വിവിധ ഹെഡ്ഡുകളിലായി രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നമ്പർ	കോഡ്, ഇനം	തുക
1	431409999 - Receivables From Government - Others	19,88,828
2	431500199 - Receivables Of Redemption	32,65,924
ആകെ തുക		52,54,752

1-1-13 വാടക ഇനത്തിലെ വരവിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക തനത് വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

ബിൽഡിംഗ് വാടക ഇനത്തിലെ വരവിൽ രസീത് പ്രകാരമുള്ള തുകയായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതും ബന്ധപ്പെട്ട ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

വിവിധ കെട്ടിടങ്ങളുടെ വാടക വരവായ 44100/-രൂപ കൂടാതെ ജി.എസ്.ടി തുകയായ 6918/- രൂപയും ചേർത്ത് ആകെ 51018/- രൂപ വാടക വരവായി രേഖപ്പെടുത്തിയിരിക്കുന്നു. (വിശദാംശം ഖണ്ഡിക 1-16 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

1-1-14 ആംബുലൻസ് വാടക വരവ് അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

ആംബുലൻസ് വാടക ഇനത്തിൽ വരവു വന്നിട്ടുള്ള ചുവടെ പറയുന്ന തുകകൾ ഈ ആവശ്യത്തിനായി ആരംഭിച്ച അക്കൗണ്ടിൽ (കേരള ബാങ്ക്- 178912801001214)ഒടുക്കിയിട്ടില്ല.

ക്രമ നമ്പർ	രസീത് നമ്പർ	തീയതി	തുക	റിമാർക്ക്സ്
1	1220100116	22-04-2022	4,320	AMBULANCE FUEL CHARGE
2	1220104846	01-03-2023	8,100	AMBULANCE RENT ON 01/03/2023
3	1220105230	14-03-2023	1,400	(Payee: BIJU KUMAR CHITTARIKKAL)
4	1220000568	06-02-2023	39,500	Ambulance Rent Alloted To ST From TDO, Parappa As Per The Requisition
5	1220000569	06-02-2023	19,500	Ambulance Rent Alloted To ST From TDO, Parappa As Per The Requisition Directly Credit To Bank , No : Direct ,Dt. 19-10-2022)

മേൽ തുകകളിൽ ക്രമ നമ്പർ 1,2,3&5 പ്രകാരമുള്ള തുകകൾ കാനറബാങ്ക് അക്കൗണ്ടിലാണ്(737101022921)വരവ് വച്ചിട്ടുള്ളത്. ക്രമ നമ്പർ 4 പ്രകാരമുള്ള തുക വരവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതും തുക ആംബുലൻസ് വരവുമായി ബന്ധപ്പെട്ട അക്കൗണ്ടിൽ വരവ് വച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-1-15 ഒരേ ഇനത്തിലെ വരവ് വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷം ചുവടെ പറയുന്ന ഇനങ്ങളുമായി ബന്ധപ്പെട്ട വരവ് ഒരേ ഹെഡ്ഡിൽ രേഖപ്പെടുത്തുന്നതിനുപകരം വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1) ആംബുലൻസ് വാടക

ക്രമ നമ്പർ	ഹെഡ്ഡ്	തുക
1	140400199 – മറ്റ് ഫീസ്	433016
2	150400101 – ആംബുലൻസ് വാടക	300260
3	140500111 – മറ്റ് യൂസർ ചാർജ്ജ്	59000

ആകെ വരവ്	792276

2) ബസ് സ്റ്റാന്റ് വരവ്

ക്രമ നമ്പർ	ഹെഡ്ഡ്	തുക
1	140500203 – ബസ് സ്റ്റാന്റ് വരവ്	121520
2	150400104 – ബസ് വാടക	420
3	150400101 – ആംബുലൻസ് വാടക	1400
ആകെ വരവ്		123340

3) പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ

ക്രമ നമ്പർ	ഹെഡ്ഡ്	തുക
1	140500201 - പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ വരവ്	7,250/-
2	140500110 – സർവ്വീസ് ചാർജ്ജ്	10,990/-
ആകെ വരവ്		18,240/-

1-1-16 ജീവനക്കാരുടെ തൊഴിൽനികുതി പൊരുത്തപ്പെടുന്നില്ല.

1) 2022-23 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി വരവിൽ രജിസ്റ്റർ പ്രകാരമുള്ള വരവും ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള വരവും പൊരുത്തപ്പെടുന്നില്ല.

ഇനം	രജിസ്റ്റർ പ്രകാരം വരവ്	ധനകാര്യപത്രിക പ്രകാരം വരവ്
തൊഴിൽ നികുതി - ജീവനക്കാർ	12,45,432/-	12,42,087/-

2) ജീവനക്കാരുടെ തൊഴിൽ നികുതി - ലെഡ്ജർ പ്രകാരം 27/02/2023 ൽ ചിറ്റാരിക്കൽ പോലീസ് സ്റ്റേഷൻ ജീവനക്കാരുടെ തൊഴിൽ നികുതിയായി 23307/- രൂപ രസീത് നമ്പർ 1220000605 ൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ ഇത്തരത്തിൽ തുക വരവില്ല. കൂടാതെ ചിറ്റാരിക്കൽ പോലീസ് സ്റ്റേഷൻ ജീവനക്കാരുടെ തൊഴിൽ നികുതിയായി ചുവടെ പറയും പ്രകാരം തുക വരവ് വന്നിട്ടുണ്ട്.

രസീത് നമ്പർ	തീയതി	തുക
1220101056	19/07/2022	45,000/-
1220103856	25/01/2023	46,250/-

പോലീസ് സ്റ്റേഷൻ ജീവനക്കാരുടെ തൊഴിൽ നികുതിയായി രേഖപ്പെടുത്തിയിട്ടുള്ള 23307/- രൂപ വസ്തുനികുതി ഇനത്തിലെ വരവാണ് എന്നാണ് സെക്ഷനിൽ നിന്നും അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതിന് രേഖാമൂലമുള്ള വിശദാംശം ലഭ്യമാക്കിയിട്ടില്ല.

1-1-17 അക്കൗണ്ട് വിശദാംശം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ സ്ഥാപനത്തിന്റെ പേരിൽ നിലനിൽക്കുന്നുണ്ടെങ്കിലും ആയത് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നമ്പർ	ബാങ്ക് അക്കൗണ്ട് നമ്പർ	ഇനം	വിശദാംശം
1	കാനറ ബാങ്ക് - 110045146821	വാതിൽപ്പടി സേവനം	11/04/2022 ൽ അക്കൗണ്ട് തുടങ്ങി വിശദാംശം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
2	കാനറ ബാങ്ക് -110044157674	ഹെൽത്ത ഗ്രാന്റ് - ബിൽഡിംഗ് ലെസ്സ് സബ്ബ് സെന്റർ - പി.എച്ച്.സി & സി.എച്ച്.സി	2/04/2022 ൽ അക്കൗണ്ട് തുടങ്ങി വിശദാംശം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
3	ഫെഡറൽ ബാങ്ക് - 20770200000614	കറണ്ട് അക്കൗണ്ട്	22/03/2019 ൽ അക്കൗണ്ട് തുടങ്ങി. വിശദാംശം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
4	ടി.എസ്.ബി- 799012900001315	എസ്.ഡി.ടി.എസ്.ബി	പാസ്സ് ബുക്ക് നിലവിലുണ്ടെങ്കിലും അക്കൗണ്ട് നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.

1-1-18 സാമൂഹ്യ സുരക്ഷ പെൻഷൻ -ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല

സാമൂഹ്യസുരക്ഷ പെൻഷൻ ചെലവ് ഇനത്തിൽ ചുവടെ പറയുന്ന ചെലവിനം ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇനം	ധനകാര്യപത്രിക പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുക (ഐ-14(D))	സ്ഥാപനത്തിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം ചെലവ് തുക
Pension For Unmarried Women Above 50 Years	രേഖപ്പെടുത്തിയിട്ടില്ല	2,64,000/-

1-1-19 മറ്റ് സ്ഥിരം ആസ്തികൾ - ഡിപ്രീസിയേഷൻ ആസ്തിയേക്കാൾ അധികരിച്ചിരിക്കുന്നു.

2022-23 സാമ്പത്തിക വർഷം തേയ്മാനം രേഖപ്പെടുത്തിയതിൽ മറ്റ് സ്ഥിരം ആസ്തികളുടെ തേയ്മാനം ചുവടെ പറയും പ്രകാരം ആസ്തിയേക്കാൾ അധികരിച്ചിരിക്കുന്നു.

ബി -11 ഷെഡ്യൂൾ പ്രകാരം മറ്റ് സ്ഥിരം ആസ്തികളുടെ മൂല്യം	ബി -11(a) ഷെഡ്യൂൾ പ്രകാരം മറ്റ് സ്ഥിരം ആസ്തികളുടെ തേയ്മാനം
3,82,400/-	- 9,34,924/-

മേൽ പ്രകാരം തേയ്മാനം ആസ്തിമൂല്യത്തേക്കാൾ അധികം വരാനുണ്ടായ കാരണവും ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 18/13.11.2023).

1-1-20 എൻ.ആർ.ഇ.ജി.എസ് - ചെലവ് തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

2022-23 സാമ്പത്തിക വർഷം എൻ.ആർ.ഇ.ജി.എസ് ചെലവ് ഇനത്തിൽ ചുവടെ പറയും പ്രകാരം ധനകാര്യപത്രികയുമായി വ്യത്യാസമുണ്ട്.

ഇനം	ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള തുക	എൻ.ആർ.ഇ.ജി.എസ് സെക്ഷനിൽ നിന്നും ലഭ്യമാക്കിയ രേഖകൾ/ക്യാഷ്ബുക്ക് പ്രകാരമുള്ള തുക

ഭരണച്ചെലവ്	14,96,812/- (I-14(f))	14,00,662/-
നേരിട്ട് ചെലവഴിച്ചത്	6,45,13,130/- (I-14(C))	6,45,13,317/-
ആകെ ചെലവ്	6,59,13,792/- (I -6)	6,59,13,979/-

മേൽ വ്യത്യാസത്തിനുള്ള കാരണം വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 19/13.11.2023).

1-1-21 ബാങ്ക് റീക്കൺസിലിയേഷൻ പൊരുത്തപ്പെടുന്നില്ല

2022-23 സാമ്പത്തിക വർഷം കാനറബാങ്ക് - ഹെൽത്ത് ഗ്രാന്റ് - വെൽനസ് സെന്റർ അക്കൗണ്ടിന്റെ (നമ്പർ 110044160178) റീക്കൺസിലിയേഷൻ പത്രിക ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ്	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ്	റീക്കൺസിലിയേഷൻ പ്രകാരം
2,25,460/-	2,27,102/-	ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പായും , പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പായും 225460/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31/01/2023 ൽ പലിശ ഇനത്തിൽ 1,642/- രൂപ ലഭിച്ചിട്ടുണ്ട് എന്നാൽ ഈ തുക ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. റീക്കൺസിലിയേഷനിൽ ഈ തുക വരവായി കാണിക്കാതെയാണ് ഒരേതുക തന്നെ രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-22 ബാധ്യത ഫണ്ടിന്റെ നീക്കിയിരിപ്പ് ബന്ധപ്പെട്ട അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ധനകാര്യ പത്രികയിൽ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ പറയുന്ന ഇനങ്ങളിലെ തുകയും ബന്ധപ്പെട്ട അക്കൗണ്ടിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്രമ നമ്പർ	ഇനം, ഹെഡ്ഡ് കോഡ്	ബി- 4 ഷെഡ്യൂൾ പ്രകാരം ബാധ്യത	ബി-17/ബി-12 ഷെഡ്യൂൾ പ്രകാരം അക്കൗണ്ടിലെ നീക്കിയിരിപ്പ്
1	ജലനിധി, 320300102	1,15,07,711/-	1,15,57,733/- {571404 (കാനറബാങ്ക് ജലനിധി അക്കൗണ്ട്- 737101022599) + 10986329 (സ്ഥിര നിക്ഷേപം) }
2	ഹെൽത്ത് ഗ്രാന്റ് - അടിസ്ഥാന സൗകര്യങ്ങൾ, 320100202	3,72,804/-	1,57,188/- (കാനറബാങ്ക് അക്കൗണ്ട്- 110044018870)

മേൽ പ്രകാരം വ്യത്യാസം വന്നിട്ടുള്ളതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/13.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-23 തൻവർഷ വരവിനങ്ങളുടെ – ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

1) ബിൽഡിംഗ് വാടക

ഇനം	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
രജിസ്റ്റർ പ്രകാരം	1109664	995615	114049

ധനകാര്യപത്രിക പ്രകാരം	980798	980798	0

2) എഫ്.ടി.ഇ&ഒ.എസ് ലൈസൻസ്

ഇനം	ഡിമാന്റ്	കളക്ഷൻ		നീക്കിയിരിപ്പ്
		തൻവർഷം	അഡ്വാൻസ്	
ധനകാര്യപത്രിക പ്രകാരം	91750 (ഐ-4-140110101)	48300 (ആർ.പി-45 - 431300101)	43,450 (2021-22ബി-9-350410301)	0
രജിസ്റ്റർ പ്രകാരം	88450	49500	38950	0

3) വ്യാപാരികളുടെ തൊഴിൽ നികുതി

ഇനം	ഡിമാന്റ്	കളക്ഷൻ		നീക്കിയിരിപ്പ്
		തൻവർഷം	അഡ്വാൻസ്	
ധനകാര്യപത്രിക പ്രകാരം	1,60,400/- (ഐ-4-110200105)	1,60,400/- (ആർ.പി-45-431120105)	0	0
രജിസ്റ്റർ പ്രകാരം	3,77,240/-	1,93,900/-	1,83,340/-	0

മേൽ പ്രകാരം തൻവർഷ വാടക ഇനത്തിലെ ഡി.സി.ബി, രജിസ്റ്ററിലും ധനകാര്യപത്രികയിലും വ്യത്യാസമായിരിക്കുന്നതിനുള്ള കാരണം വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 23/13.11.2023, 33/14.11.2023 & 35/14.11.2023).

1-1-24 ബിൽഡിംഗ് വാടക കുടിശ്ശിക – ഡി.സി.ബി പൊരുത്തപ്പെടുന്നില്ല

ബിൽഡിംഗ് വാടക കുടിശ്ശിക ഇനത്തിലെ – ഡിമാന്റ്, കളക്ഷൻ, ബാലൻസ് രജിസ്റ്റർ പ്രകാരവും ധനകാര്യപത്രിക പ്രകാരവുമുള്ള തുകകൾ ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

ഇനം	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
രജിസ്റ്റർ പ്രകാരം	19530	0	19530
ധനകാര്യപത്രിക പ്രകാരം	10185 (21-22 ബി-15)	21735 (22-23 ആർ.പി -45)	0 (22-23 ബി-15)

മേൽ പ്രകാരം കുടിശ്ശിക വാടക ഇനത്തിലെ ഡി.സി.ബി, രജിസ്റ്ററിലും ധനകാര്യപത്രികയിലും വ്യത്യാസമായിരിക്കുന്നതിനുള്ള കാരണം വിശദമാക്കിയിട്ടില്ല. കൂടാതെ ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റിനേക്കാൾ അധികമായി വരവ് രേഖപ്പെടുത്തിയിട്ടുള്ളതിനുള്ള കാരണവും വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 24/13.11.2023).

1-1-25 വസ്തു നികുതി കുടിശ്ശിക – ഡി.സി.ബി പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതി കുടിശ്ശിക ഇനത്തിലെ നീക്കിയിരിപ്പ് ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

ഇനം	കുടിശ്ശിക ഡിമാന്റ് (2021-22 ബി-15) (1)	കളക്ഷൻ (2022-23 ആർ.പി -45) (2)	നീക്കിയിരിപ്പ് (2022-23 ബി-15)	നീക്കിയിരിപ്പായി വരേണ്ടിയിരുന്നതുക (1) – (2)

വസ്തു നികുതി - പാർപ്പിടം	1,31,147/- (95,768 + 35,379)	1,00,063/-	39,135/-	31,084/-
വസ്തു നികുതി - വാണിജ്യം	1,68,294/- (82,869 + 85,425)	85,150/-	79,827/-	83,144/-

നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 25/13.11.2023)

1-1-26 പാർട്ട് പേമെന്റ് തുക ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ ഉൾപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരം പാർട്ട് പേമെന്റ് നൽകിയ തുകകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് (412010101) എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	തുക
1	25 – കൃഷിഓഫീസ് സൈഡ് ഷീറ്റിടൽ	59,344/-
2	28- തയ്യേനി അംഗൻവാടി മെയിന്റനൻസ്	1,45,826/-
3	55- അറക്കത്തട്ട് - മൗവേനി റോഡ് ഇംപ്രൂവ്മെന്റ് വർക്ക്സ്	5,66,568/-
4	118- ജി.യു.പി.എസ് കണ്ണിവയൽ മെയിന്റനൻസ്	11,66,036/-
5	150 – പറോട്ടിപൊയിൽ ബൈപ്പാസ് റോഡ് മെയിന്റനൻസ്	74,603/-
6	152- പട്ടേങ്ങാനം ഐ.എച്ച്.ഡി.പി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം	1,09,144/-
7	161- ചിറ്റാരിക്കാൽ പി.എച്ച്.സി മെയിന്റനൻസ്	1,70,936/-
8	204- പഞ്ചായത്ത് ഓഫീസ് റൂഫിംഗ്	6,83,965/-
	ആകെ തുക	29,76,422/-

1-1-27 ടോട്ടൽ സാനിറ്റേഷൻ - വരവ് നെഗറ്റീവ് രേഖപ്പെടുത്തിയിരിക്കുന്നു.

ധനകാര്യ പത്രിക ഐ-6 ഷെഡ്യൂളിൽ "160100682 – ടോട്ടൽ സാനിറ്റേഷൻ സ്കീം" എന്ന ഹെഡ്ഡിൽ ചുവടെ പറയും പ്രകാരം "-3,50,000/-" രൂപ നെഗറ്റീവ് വരുമാനം രേഖപ്പെടുത്തിയിരിക്കുന്നു.

വൗച്ചർ നമ്പർ	തീയതി	തുക	വിശദാംശം
42201278	31-03-2023	3,50,000/-	Grant From Suchitwa Mission Narration – Reverse Journal

ഐ-6 ഷെഡ്യൂൾ ഹെഡ്ഡിൽ കുറയേണ്ട തുക ജേണൽ എൻട്രി ചെയ്തത് തെറ്റിയ കാരണം റിവേഴ്സ് ജേണൽ ചെയ്തതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നമ്പർ 28/13.11.2023)

1-1-28 ശുചിത്വമിഷൻ ഗ്രാന്റ് - അധിക ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു

ആർ.പി - 30 " 320100198- ശുചിത്വമിഷൻ ഗ്രാന്റ് " ഇനത്തിലെ വരവായി 3,61,340/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ മുന്നിരിപ്പും ഇല്ല. എന്നാൽ ബി-3 റിസർവ്സ് എന്ന ഷെഡ്യൂളിൽ " 312100182 – ക്യാപിറ്റൽ കോൺട്രിബ്യൂഷൻ" ഇനത്തിൽ 7,00,000/- രൂപയും ഐ-6 ഷെഡ്യൂളിൽ " 160100769 – ശുചിത്വമിഷൻ ഗ്രാന്റ് " ഇനത്തിൽ 11,340/- രൂപയും ചുവടെ പറയും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

വൗച്ചർ നമ്പർ	തീയതി	തുക	വിശദാംശം
42201204	31-03-2023	3,50,000	Suchitwa Mission Grant Narration – Suchitwamission Expenditure
42201272	31-03-2023	3,50,000	Grant From Suchitwa Mission Narration – Head Change
42201223	31-03-2023	11,340	Grant From Suchitwa Mission - Narration - Rectification Journal

മേൽ പ്രകാരം വരവിനെ അധികമായി ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

1-1-29 ചെലവ് തുക സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല

2022-23 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതി നമ്പർ 47 – ലൈഫ് ഭവനപദ്ധതി (പട്ടികവർഗ്ഗം) യിൽ ചുവടെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരമുള്ള ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കുകളിൽ ഈ പ്രൊജക്ടിന്റെ ചെലവ് ഉൾപ്പെടെയുള്ള ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രമ നമ്പർ	ഫണ്ട്	ബിൽ റഫറൻസ് നമ്പര്/ ചെക്ക് നമ്പർ, തീയതി	തുക
1	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	22200552012200626832/10.10.2022	4,44,865/-
2	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	22200552012200807632/23.11.2022	15,00,000/-
3	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	22200552012200818026/25.11.2022	3,13,847/-
4	ജില്ലാ പഞ്ചായത്ത് വിഹിതം	22200552012201017017/9.01.2023	7,54,800/-
5	കെ.യു.ആർ.ഡി.എഫ്.സി ലോൺ	ചെക്ക് നമ്പർ 667411/27.07.2022	38,80,000/-
6	കെ.യു.ആർ.ഡി.എഫ്.സി ലോൺ	ചെക്ക് നമ്പർ 667412/23.12.2022	4,40,000/-
ആകെ തുക			73,33,512/-

1-1-30 റിഡംഷൻ തുക പൂർണ്ണമായും ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരം 52,67,752/- രൂപ റിഡംഷൻ ഇനത്തിൽ പിൻവലിച്ചിട്ടുണ്ടെങ്കിലും ധനകാര്യപത്രികയിൽ (ബി-15) 5254752/- രൂപ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു.

ക്രമ നമ്പർ	ബാങ്ക് അക്കൗണ്ട്	തുക
1	ടി.എസ്.ബി - 799013000000626	10,00,000/-
2	ടി.എസ്.ബി - 799013000000626	42,54,752/-
3	ടി.എസ്.ബി - 799011400002934	13,000/-
ആകെ റിഡംഷൻ തുക		52,67,752/-

13000/- രൂപ റിഡംഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-31 സെക്യേഡ് ലോൺ - രേഖപ്പെടുത്തിയിട്ടുള്ള തുക പൊരുത്തപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്ത് എടുത്തിട്ടുള്ള വായ്പാ തുകകളുടെ കൃത്യമായ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് വായ്പാ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ലൈഫ് ഭവന പദ്ധതി വായ്പാ വിവരങ്ങൾ, തിരിച്ചടവ് വിവരങ്ങൾ എന്നിവ വായ്പാ രജസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഇതിനാൽ ലൈഫ് ഭവന പദ്ധതി പ്രകാരം ലഭിച്ച വായ്പാ തുക, തിരിച്ചടവ്, അവശേഷിക്കുന്ന തുക എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ബാലൻസ് ഷീറ്റിൽ ഹെഡ് 330500201 ൽ രണ്ട് വായ്പയുടേതുമായി തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുകയായി ഉൾപ്പെടുത്തിയ 1,37,85,506/- രൂപയിൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് വായ്പാ ഇനത്തിലെ നീക്കിയിരിപ്പായ 27,76,030/- രൂപ മാത്രമേ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളു. ബാക്കി 1,10,09,476/- (1,37,85,506-27,76,030) രൂപയുടെ വിശദാംശം ലഭ്യമല്ല.ലൈഫ് ഭവന പദ്ധതി വായ്പാ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
ഭരണ സമിതി തീരുമാനം , തിയതി	01/01 തിയതി: 26.03.2022	01/01 തിയതി: 14.03.2023
മുന്നിരിപ്പ്	1466702	5739517
വരവ്	308374375	272422361
ആകെ	309841077	278161878
ചെലവ്	308251875	270363997
നീക്കിയിരിപ്പ്	1589202	7797881

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

വർഷം	2022-23
മുന്നിരിപ്പ്	4,35,27,150
വരവ്	5,06,55,646
ആകെ	9,41,82,796
ചെലവ്	6,03,10,242
നീക്കിയിരിപ്പ്	3,38,72,554
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	40,000/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	62,70,285/-

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് / ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം	0	20138000	20138000	14961905	5176095
വികസനഫണ്ട് എസ്.സി.പി.	0	445000	445000	355548	89452
വികസനഫണ്ട് ടി.എസ്.പി.	0	4694000	4694000	4576697	117303

സംരക്ഷണഗ്രാന്റ് റോഡ്	0	18105000	18105000	9330348	8774652
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	7417000	7417000	6543731	873269
ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് Try	0	220690	220690	220690	0
ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് Bank	0	3619003	3619003	600000	3019003
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)-Try	0	258102	258102	129051	129051
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)-Bank	699577	5253000	5952577	1014400	4938177
സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്)	0	4386712	4386712	4386712	0
സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്)	0	1924773	1924773	1924773	0
തൊഴിലുറപ്പ് പദ്ധതി	31	1400631	1400662	1400662	0
ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം	6,93,019	1506214	2199233	288835	1910398
പൈക്ക	20000	0	20000	0	20000
എസ്.എസ്.എ	19271	769	20040	0	20040
സാക്ഷരത	24970	996	25966	0	25966
ശുചിത്വ മിഷൻ	0	711340	711340	711340	0
Kwa ഫണ്ട്	1114269	30668	1144937	0	1144937
ജലനിധി	10277675	1280058	11557733	10986329	571404
ജലനിധി - സ്ഥിര നിക്ഷേപം - കാനറബാങ്ക് (140074223982/1)	0	10986329	10986329	0	10986329
മറ്റ് അവാർഡുകൾ	421900	0	421900	0	421900
നിർമ്മൽ പുരസ്കാരം	420000	0	420000	0	420000
ഹെൽത്ത് ഗ്രാന്റ് – അടിസ്ഥാനവികസനം	0	372804	372804	0	372804
ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സി വെൽനസ് സെന്റർ	0	225460	225460	0	225460

കുറിപ്പ് :

1) ജലനിധി അക്കൗണ്ടിൽ നിന്നും പിൻവലിച്ച 10986329 /- രൂപ സ്ഥിരനിക്ഷേപമാക്കിയിട്ടുണ്ട്.

2) വികസന ഫണ്ട് - പൊതുവിഭാഗം സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2153713/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസന ഫണ്ട് - എസ്.സി.പി സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 125548/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) വികസന ഫണ്ട് - ടി.എസ്.പി സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ

1523061/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

* വികസന ഫണ്ട് - എസ്.സി.പി സ്രോതസിൽ നിന്നും പദ്ധതി പ്രകാരം തുക കുറവു ചെയ്തതിൽ അപാകതയുണ്ട്.

വികസന ഫണ്ട് - ടി.എസ്.പി സ്രോതസിൽ നിന്നും പദ്ധതി പ്രകാരം തുക കുറവുചെയ്തിട്ടില്ല

(വിശദാംശം ഖണ്ഡിക 1-1-5 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

5) സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) , സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) ചെലവ് പൂർണ്ണമായും സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല (വിശദാംശം ഖണ്ഡിക 1-1-29 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

6) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചുവടെ പറയുന്ന ഇനങ്ങൾക്ക് ബാലൻസ് തുക നെഗറ്റീവ് രേഖപ്പെടുത്തിയിരിക്കുന്നു.

ഇനം	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട് - എസ്.സി.പി	319452	378000	-58548

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ	നടപ്പാക്കിയത്	ചെലവ്	ഭാഗീകമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
179	105786648	123	48272572	0	56	68.71

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

ക്രമ നം	നിർവ്വഹണോദ്യോഗസ്ഥൻ	അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം		2022-23വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം		ചെലവ് ശതമാനം.
		എണ്ണം	അടങ്കൽ	എണ്ണം	ചെലവ് തുക	
1	സെക്രട്ടറി	42	32574345	21	4876047	14.96
2	അസിസ്റ്റന്റ് സെക്രട്ടറി	12	1770429	11	1739948	98.27
3	അസിസ്റ്റന്റ് എഞ്ചിനിയർ	76	30876091	44	14518487	47.02
4	കൃഷി ഓഫീസർ	5	2408440	5	2408440	100
5	വെറ്റിനറി സർജ്ജൻ	6	5527500	6	5520919	99.88
6	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-	10	17709179	9	5781601	32.64
7	ഐ.സി.ഡി.എസ് സൂപ്പർവൈസർ	5	4313500	5	3538124	82.02
8	പ്രധാനാധ്യാപകൻ	5	875000	5	728038	83.20
9	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	4	1045000	4	1039000	99.42
10	മെഡിക്കൽ ഓഫീസർ - പി.എച്ച്.സി	11	5237164	10	4672468	89.21

11	മെഡിക്കൽ ഓഫീസർ ഹോമിയോ	2	650000	2	649500	99.42
12	ഡയറി ഫാം ഇൻസ്ട്രക്ടർ	1	2800000	1	2800000	100
	ആകെ	179	105786648	123	48272572	45.63

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവ്	31	1400631	1400662	1400662	0
വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	64513317	64513317	64513317	0
ആകെ	31	65913948	65913979	65913979	0

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 4364 പദ്ധതികളുൾപ്പെടുന്ന 138.61 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 265 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 160190 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 739 കുടുംബങ്ങളുണ്ട്.

1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	5503500	509
വിധവാപെൻഷൻ	7013500	693
വാർദ്ധക്യകാലപെൻഷൻ	20547300	2002
വികലാംഗപെൻഷൻ	3669400	332
അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ	307200	27
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	60000	2

കുറിപ്പ്: അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിൽ ഖണ്ഡിക 1-1-18 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-11-2023 തീയതിയിൽ 3.20 P.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 95,980/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1) അക്കൗണ്ടിംഗ് രേഖകളുടെ സൂക്ഷിപ്പ് :

പഞ്ചായത്ത് കണക്കുകളുടെ സൂക്ഷിപ്പിലും വാർഷികധനകാര്യ പത്രിക തയ്യാക്കിയതിലും ഗൗരവ തരമായ അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി . ആയത് ഈ റിപ്പോർട്ടിൽ ഖണ്ഡിക 1-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ പരിപാലിക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്. വിവിധ വരവുകൾ നിർദ്ദിഷ്ട ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിനു പകരം വ്യാപകമായി ഹെഡ്ഡ് മാറി രേഖപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി.

2) വൻകിട പദ്ധതികൾക്കായി വകയിരുത്തുന്ന ഫണ്ടുകൾ വിനിയോഗിക്കാൻ സാധിക്കാതെ വരുകയും ഇത് പഞ്ചായത്തിലെ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന 3 പദ്ധതികൾക്കായി ഭൂമി വാങ്ങുവാൻ ധനകാര്യക്കമ്മീഷൻ ഗ്രാന്റ് നിന്നും 87.55ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കാതിരുന്നതിനാൽ വകയിരുത്തിയ തുക ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. ഭൂമി വാങ്ങലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയായി അനുമതികൾ ലഭ്യമാകുന്നതുവരെ ചെറിയൊരു തുക ടോക്കണായി വകയിരുത്തുകയായിരുന്നെങ്കിൽ നടപ്പിലാക്കുവാൻ സാധിക്കുന്ന മറ്റ് പദ്ധതികൾക്കായി ഈ തുക വകയിരുത്തി വിനിയോഗിക്കാമായിരുന്നു. ഇതു മൂലം ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ 31.3.23ൽ 79 ലക്ഷത്തോളം രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്.

3) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

4) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല.

5) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 2022 നവംബർ ഡിസംബർ മാസങ്ങളിലൊഴികെ മറ്റ് മാസങ്ങളിൽ ഓഫീസ് യോഗം ചേർന്നിട്ടുണ്ട്. എന്നാൽ മിക്ക യോഗങ്ങളിലും യോഗ മിനിട്സ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് ഭരണ സമിതി തലത്തിൽ മോണിട്ടറിംഗ് നടത്തേണ്ടതുമാണ്.

6) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 30/08/2022, 16/07/2022, 29/09/2022, 10/10/2022, 06.02.2023, 05.01.2023, 09.02.2023, 01.03.2023, 14.03.2023എന്നീ തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്. ഇതിൽ 6.02.2023ലെ യോഗ മിനിട്സ് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും മറ്റ് തിയതികളിലെ യോഗ മിനിട്സ് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി ക്ലോസ്സ് ചെയ്തിട്ടില്ല. 06.02.2023 ലെ യോഗത്തിന്റെ മിനിട്സ് പേജ് 141ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 05.01.2023 ലെ മീറ്റിംഗ്

ചേർന്നതിന്റെ വിവരം പേജ് 143ലുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ 05.01.2023, 09.2.2023, 01.03.2023 തിയതികളിലെ യോഗങ്ങളിൽ ഒരാൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. രേഖപ്പെടുത്തിയ തീരുമാനങ്ങൾ സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് തല വാങ്ങൽ സമിതി യോഗങ്ങളിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടേയും , ജനപ്രതിനിധികളുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുവാനും , യോഗ തീരുമാനങ്ങൾ വ്യക്തതയോടെ രേഖപ്പെടുത്തുവാനും, ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി ക്ലോസ്സ് ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്

7) ഇൻകുമ്പൻസി രജിസ്റ്ററിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, തുടങ്ങിയവ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലൈഫ് ഭവന പദ്ധതി വായ്പാ രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

8) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയവും വിവരശേഖരണവും പൂർത്തിയാക്കപ്പെട്ടിട്ടില്ല.

9) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദിവസ വേതന നിയമനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ (സാധാ) നം. 769/23/lsgd തിയതി 30.03.2023 ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

10) ILGMS ൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഓഡിറ്റ് തിയതിയിൽ (16/11/2023) വിവിധ സെക്ഷനുകളിലായി 484 ഫയലുകൾ തീർപ്പുകൽപ്പിക്കുവാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഫയലുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 തനതു വരുമാനം - അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1) സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

സേവനം	ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി
ശുചിത്വ പരിപാലനം	വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക
ജല വിതരണം	വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക
തെരുവ് വിളക്കുകൾ	വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക
ഡ്രൈനേജ്	വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

2) റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്യാതെ വരവായി രേഖപ്പെടുത്തിയിരിക്കുന്നു

01/04/2015 മുതൽ 06/09/2021 വരെയുള്ള റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയുമായി പരിശോധിച്ചതിൽ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നമ്പർ	തീയതി	രസീത് നമ്പർ	കെട്ടിട നമ്പർ	തുക
1	10/08/2016	11601101417	9/280	137
2	17/08/2016	11601101476	8/ 436	70
3	28/10/2016	11601102102	9/477A	30
4	03/03/2017	11601103755	16/410D	507
5	09/08/2017	117010101576	2/19	105
6	09/11/2017	117010102554	1/272	120
7	27/11/2017	117010103000	3/ 62A	1000
8	08/12/2017	117010103686	12/155	273
9	10/07/2018	118010101256	12/707E	2863
10	30/01/2019	118010104353	11/183	87
11	26/03/2019	118010106365	12/401	42
12	26/03/2019	118010106366	12/401a	672
13	06/06/2019	119010100666	1/117	18
14	13/01/2020	119010104168	2/225	1897
15	13/01/2020	119010104169	2/226	1897
16	27/01/2020	119010104443	15/87	36
17	15/07/2020	120010100627	13/447B	365
18	14/01/2021	120010102466	16/442	38
ആകെ തുക				10157/-

സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ മേൽ പ്രകാരമുള്ള 10157/- രൂപ വരവായി ഉൾപ്പെടുകയും തനതു വരുമാനത്തിൽ കുറവുവരികയും ചെയ്യുന്നു.

3) റോയൽറ്റി ഫീ - വരവ്

07/10/2021 ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്)227/2021/തസ്വഭവ പ്രകാരവും ബഹു. ജില്ലാ കളക്ടർ ചെയർമാനായ കാസറഗോഡ് ജില്ലാ DLFMC യുടെ 27/06/2022 ലെ തീരുമാന പ്രകാരവും , ബഹു. ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ 6929/2021/എസ്.എം/കെ.എസ്.ഡി/ടിസി, 28/06/2022 പ്രകാരവും കാസറഗോഡ് ജില്ലയിലെ കോഴിയറവ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനു വേണ്ടി സ്റ്റാൻഡേർഡ് ഗ്രീൻ എനർജി അനന്തപുരം, വ്യവസായ എസ്റ്റേറ്റ്, കുമ്പള, കാസറഗോഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ ഉത്തരവ് പ്രകാരം ഓരോ മാസത്തേയും മാലിന്യം ശേഖരിച്ച് കണക്ക് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രേഖാമൂലം അടുത്ത മാസം അഞ്ചാം തീയതിക്കകം റോയൽറ്റി ഫീ സഹിതം നൽകേണ്ടതാണ്.

ബഹു. ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ 6929/2021/എസ്.എം/കെ.എസ്.ഡി/ടിസി, 20/08/2022 പ്രകാരം പഞ്ചായത്ത് ആവശ്യപ്പെടുന്ന റോയൽറ്റി ഫീ കി.ഗ്രാം തൂക്കത്തിന് 50 പൈസയിൽ കൂടാത്ത തുക എല്ലാ മാസവും അവസാനം നൽകേണ്ടതാണ് എന്ന് തീരുമാനിച്ചിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

4) ഒരേ ഉടമസ്ഥന്റെ അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി

ജി.ഒ(എം.എസ്).144/15/തസ്വഭവ,തീ.27.04.2015,ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.201 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതല വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്ത ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുള്ളതിനാൽ ഈ ഇനത്തിൽ വരുമാനത്തിൽ കുറവ് വരാൻ ഇടയാകുന്നു. (വിശദാംശം ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

5) വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് ഇനത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക ഇളവ് നൽകിയിരിക്കുന്നു.

1.1.2005 ലെ സ.ഉ (എം.എസ്) നം 3/2005/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിമുക്ത ഭടൻമാരെയും / വിധവകളെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം അടക്കുന്നതിൽ നിന്നും 2004-05 അർദ്ധവർഷം മുതൽ ഒഴിവാക്കി ഉത്തരവായിരുന്നു. സ.ഉ(കൈ)നം 106/17/തസ്വഭവ, 26.5.17 പ്രകാരം പരിഷ്കരിച്ച ഉത്തരവും പുറപ്പെടുവിച്ചിരുന്നു. എന്നാൽ വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് ഇനത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് നൽകിയതുവഴി വരുമാനത്തിൽ കുറവ് വരാൻ ഇടയാകുന്നു. (വിശദാംശം ഖണ്ഡിക 1-13 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

1-11 ഇ-പേമെന്റ് തുക ബാങ്കിൽ ക്രഡിറ്റായിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37177467731) റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന (മൂന്ന് മാസത്തിലധികമായിട്ടുള്ള) തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

ക്രമ നമ്പർ	വൗച്ചർ നമ്പർ	തീയതി	തുക
1	1220000408	11-11-2022	5
2	1220000409	11-11-2022	5
3	1220000352	01-10-2022	2
4	1220000004	06-04-2022	220
5	1220000007	09-04-2022	5
6	1220000008	11-04-2022	5
7	1220000009	11-04-2022	5
8	1220000010	11-04-2022	5
9	1220000012	11-04-2022	220
10	1220000013	12-04-2022	5
11	1220000014	12-04-2022	5
12	1220000015	12-04-2022	5
13	1220000017	13-04-2022	10

14	1220000018	13-04-2022	10
15	1220000020	13-04-2022	10
16	1220000021	13-04-2022	10
17	1220000022	13-04-2022	5
18	1220000023	14-04-2022	5
19	1220000024	18-04-2022	62
20	1220000145	09-06-2022	5
21	1220000026	18-04-2022	5
22	1220000027	18-04-2022	5
23	1220000028	18-04-2022	5
24	1220000090	12-05-2022	5
25	1220000091	13-05-2022	5
26	1220000092	13-05-2022	10
27	1220000093	16-05-2022	5
28	1220000094	16-05-2022	5
29	1220000324	20-09-2022	15
30	1220000326	22-09-2022	120
31	1220000327	22-09-2022	120
32	1220000328	22-09-2022	5
33	1220000329	22-09-2022	5
34	1220000330	22-09-2022	5
35	1220000331	22-09-2022	15
36	1220000332	23-09-2022	5
37	1220000333	24-09-2022	5
38	1220000334	24-09-2022	5
39	1220000335	24-09-2022	220
40	1220000336	24-09-2022	10
41	1220000337	24-09-2022	5
42	1220000343	29-09-2022	120
43	1220000344	29-09-2022	21
44	1220000345	29-09-2022	5
ആകെ തുക			1330

മേൽ തുകകൾ നാളിതുവരേയും അക്കൗണ്ടിൽ ക്രഡിറ്റ് വരാത്തതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/10.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.

ജി.ഒ(എം.എസ്).144/15/തസ്വഭവ,തീ.27.04.2015,ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015

എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വാർഡ്/കെട്ടിട നമ്പർ	ഇളവ് നൽകിയ കാലയളവ്	പേര് /വിലാസം
1	3/286A	2017 രണ്ടാം അർദ്ധവർഷം മുതൽ	ജോസ്, ചേറങ്കല്ല്,ചിറ്റാരിക്കൽ,671326
	3/287	2019 ഒന്നാം അർദ്ധവർഷം മുതൽ	
2	4/60	2015 ഒന്നാം അർദ്ധവർഷം മുതൽ	കുഞ്ഞികൃഷ്ണൻ, അത്തിയടുക്കം,തയ്യേനി,670511
	4/61	2018 ഒന്നാം അർദ്ധവർഷം മുതൽ	
3	4/219	2017 ഒന്നാം അർദ്ധവർഷം മുതൽ	തമ്പായി,കുറുവാട്ട് വീട്ടിൽ, ഒറ്റക്കുഴി, തയ്യേനി, 670511
	4/219A	2015 ഒന്നാം അർദ്ധവർഷം മുതൽ	
4	5/22A	2018 ഒന്നാം അർദ്ധവർഷം മുതൽ	കല്ല്യാണി, വില്ല്യാട്ട്,മീനംചേരി,തയ്യേനി,670511
	5/23	2018 ഒന്നാം അർദ്ധവർഷം മുതൽ	
5	5/487	2015 ഒന്നാം അർദ്ധവർഷം മുതൽ	ശ്രീധരൻ പാറയിൽ, അത്തിയടുക്കം, തയ്യേനി, 670511
	5/490	2017 രണ്ടാം അർദ്ധവർഷം മുതൽ	
6	6/152	2019 ഒന്നാം അർദ്ധവർഷം മുതൽ	ജോസഫ്.വി.ജെ, വടക്കേടത്ത്, ചാവറഗിരി, പാലാവയൽ, 670511,
	6/153	2018 ഒന്നാം അർദ്ധവർഷം മുതൽ	
7	9/98	2015 ഒന്നാം അർദ്ധവർഷം മുതൽ	ഫിലോമിന ഷിബു, ബഥനിയിൽ, കുളിനീർ, കണ്ണിവയൽ,670511
	9/99A	2017 രണ്ടാം അർദ്ധവർഷം മുതൽ	
8	9/242	2015 ഒന്നാം അർദ്ധവർഷം മുതൽ	തോമസ്, ചിറത്തലക്കൽ
	9/242A	2015 ഒന്നാം	

		അർദ്ധവർഷം മുതൽ	
9	9/408	2017 ഒന്നാം അർദ്ധവർഷം മുതൽ	മോഹനൻ,അത്തിക്കൽ, മുനയംകുന്ന്, കണ്ണിവയൽ,670511,
	9/409	2019 ഒന്നാം അർദ്ധവർഷം മുതൽ	
10	14/264A	2019 ഒന്നാം അർദ്ധവർഷം മുതൽ	ബാലൻ വി.യു.പി വടക്കേഊരുപറമ്പിൽ, കമ്പല്ലൂർ,670511
	14/264B	2018 ഒന്നാം അർദ്ധവർഷം മുതൽ	
11	15/335	2019 ഒന്നാം അർദ്ധവർഷം മുതൽ	രവി പി പീലിയാട്ട്, കടുമേനി,670511
	15/335A	2020 ഒന്നാം അർദ്ധവർഷം മുതൽ	

മേൽ പറഞ്ഞ വ്യക്തികൾക്ക് ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശവും കെട്ടിട ഉടമകൾ സമർപ്പിച്ച സത്യവാങ്മൂലവും, ഇളവു നൽകിയത് സംബന്ധിച്ച തീരുമാനവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36/15.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശം, തുടർനടപടി വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-13 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് നൽകിയിരിക്കുന്നു - രേഖകൾ ലഭ്യമാക്കിയിട്ടില്ല

1.1.2005 ലെ സ.ഉ (എം.എസ്) നം 3/2005/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിമുക്ത ഭടൻമാരെയും / വിധവകളെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം അടക്കുന്നതിൽ നിന്നും 2004-05 അർദ്ധവർഷം മുതൽ ഒഴിവാക്കി ഉത്തരവായിരുന്നു. സ.ഉ(കൈ)നം 106/17/തസ്വഭവ, 26.5.17 പ്രകാരം പരിഷ്കരിച്ച ഉത്തരവും പുറപ്പെടുവിച്ചിരുന്നു. ഈ നിർദ്ദേശ പ്രകാരം ചുവടെ പറയുന്നവയ്ക്ക് സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

1) 2022-23 സാമ്പത്തിക വർഷം ഈ ഇനത്തിൽ ലഭിച്ച അപേക്ഷകളുടെ വിവരം, നികുതി ഇളവ് അനുവദിച്ചവയുടെ എണ്ണം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) കെട്ടിടനികുതി ഇളവിന് അർഹരായ വിമുക്തഭടൻമാർക്ക് / വിമുക്തഭടൻമാരുടെ ഭാര്യമാർക്ക് / വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രേത്യേക രജിസ്റ്റർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. കെട്ടിടനികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഏതെങ്കിലും മാറ്റം വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ യഥാസമയം ഗുണഭോക്താക്കൾ അറിയിക്കേണ്ടതും പ്രസ്തുത വിവരം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ / പേജിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയാൽ പ്രസ്തുത വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഇളവ് നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദാക്കേണ്ടതും അപ്രകാരം സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ക്രമപ്രകാരം ഈടാക്കേണ്ടതുമാണ്.

മേൽ പ്രകാരമുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് ഇനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ്

നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	പേര്	ഇളവ് നൽകിയ വർഷം
1	8/501A	ജോൺസൺ പി എ, പിണക്കാട്ട്, പാലാവയൽ, 670511	2021 ഒന്നാം അർദ്ധവർഷം മുതൽ
	8/502		2017 ഒന്നാം അർദ്ധവർഷം മുതൽ
2	11/507	ജോസഫ് മാത്യു, കണ്ണംപ്ലാവിൽ, അരിമ്പ, കടുമേനി	2016 ഒന്നാം അർദ്ധവർഷം മുതൽ
	11/507A		2017 ഒന്നാം അർദ്ധവർഷം മുതൽ
3	13/328A	ഷിജു.കെ.എക്സ്, കുപ്പശ്ശേരിൽ, കൊല്ലാട, കമ്പല്ലൂർ	2017 ഒന്നാം അർദ്ധവർഷം മുതൽ
	13/329		2019 ഒന്നാം അർദ്ധവർഷം മുതൽ (സർക്കാർ ഉത്തരവ് (എം എസ്) നം 358/15)
4	*10/505	സനൽകുമാർ, പദ്മവിലാസം, കണ്ണിവയൽ	2020 ഒന്നാം അർദ്ധവർഷം മുതൽ
	10/505A		2018 ഒന്നാം അർദ്ധവർഷം മുതൽ

*10/505 കെട്ടിത്തിന്റെ നികുതി നിർണ്ണയിച്ചിട്ടില്ല

മേൽ വിഷയവുമായി ബന്ധപ്പെട്ട് വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37/15.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണവും തുടർനടപടി വിവരവും അറിയിക്കേണ്ടതാണ്.

1-14 മൊബൈൽ ടവർ - വസ്തു നികുതി ഈടാക്കിയിട്ടില്ല.

10/423/B, മാനേജർ, ചെന്നൈ നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് , ഡോർ നമ്പർ 40/9643, എന്ന മെബൈൽ ടവറിന്റെ വസ്തുനികുതി ചുവടെ പറയുന്ന കാലയളവിൽ ഈടാക്കാനുണ്ട്.

ക്രമനമ്പർ	വർഷം	കാലയളവ്	വസ്തു നികുതി	ലൈബ്രറി സെസ്സ്	ആകെ നികുതി
1	2018	ഒന്നാം അർദ്ധവർഷം	3675	184	3859
2	2018	രണ്ടാം അർദ്ധവർഷം	3675	184	3859
3	2019	ഒന്നാം അർദ്ധവർഷം	3675	184	3859
4	2019	രണ്ടാം അർദ്ധവർഷം	3675	184	3859
5	2020	ഒന്നാം അർദ്ധവർഷം	3675	184	3859
6	2020	രണ്ടാം അർദ്ധവർഷം	3675	184	3859
7	2021	ഒന്നാം അർദ്ധവർഷം	3675	184	3859
8	2021	രണ്ടാം അർദ്ധവർഷം	3675	184	3859
9	2022	ഒന്നാം അർദ്ധവർഷം	3675	184	3859
10	2022	രണ്ടാം അർദ്ധവർഷം	3675	184	3859
11	2023	ഒന്നാം അർദ്ധവർഷം	3859	193	4052
12	2023	രണ്ടാം അർദ്ധവർഷം	3859	193	4052
ആകെ തുക			44468	2226	46694

മേൽ തുക നാളിതുവരെ ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38/15.11.2023 ന് 13/04/2023 ൽ പ്രസ്തുത മൊബൈൽ ടവറിനെതിരെ റവന്യു റിക്കവറി നടത്തുന്നതിന് നോട്ടീസ് നൽകുകയും (Req No:2023/2566/14) എന്നാൽ നാളിതുവരെ

യാതൊരുവിധ നടപടികളും കൈക്കൊണ്ടതായിട്ടുള്ള അറിയിപ്പ് ലഭ്യമായിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ വിഷയവുമായി ബന്ധപ്പെട്ട തുടർനടപടി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 കോൺട്രാക്ടർമാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ താമസിച്ച് ജോലിചെയ്യുന്ന ചുവടെ പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും 2022-23 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1) സാല്യ.എൻ.കെ, പി.ഡബ്ള്യൂ.ഡി കോൺട്രാക്ടർ, നിരപ്പിൽ ഹൗസ്, ചിറ്റാരിക്കൽ

2) ജോജി അഗസ്റ്റിൻ, പി.ഡബ്ള്യൂ.ഡി കോൺട്രാക്ടർ, കാരക്കൽ ഹൗസ്, ചിറ്റാരിക്കൽ

3) ജോബി.എൻ.ജെ, പി.ഡബ്ള്യൂ.ഡി കോൺട്രാക്ടർ, നീർണക്കുന്നേൽ ഹൗസ്, അയന്നൂർ, കാമ്പല്ലൂർ

തൊഴിൽനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ബിൽഡിംഗ് വാടകയോടൊപ്പം ഈടാക്കിയ ജി.എസ്.ടി ഒടുക്കുവരുത്തിയിട്ടില്ല

ബിൽഡിംഗ് വാടക ഇനത്തിലെ വരവിൽ ചുവടെ പറയും പ്രകാരം ജി.എസ്.ടി തുകയും ഉൾപ്പെട്ടിരിക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	രസീത് നമ്പർ, തീയതി	രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് തുക	ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് തുക	വ്യത്യാസം
1	905/C2/C7	1220100624, 4/6/2022	3990	4349	359
2	2/C10,C16	1220101772, 1/10/2022	3990	4710	720
3	905/C11,C15	1220101773, 1/10/2022	3990	4710	720
4	2/905 B1.B2	1220101774, 1/10/2022	6930	8178	1248
5	2/905C9	1220101775, 1/10/2022	1365	1611	246
6	2/C10,C16	1220102116, 3/11/2022	3990	4710	720
7	905/C11,C15	1220102117, 3/11/2022	3990	4710	720
8	2/905 C9	1220102118, 3/11/2022	1365	1611	246
9	2/905 B1.B2	1220102119, 3/11/2022	6930	8178	1248
10	2/905 B5	1220103392,29/12/2022	7560	8251	691
ആകെ			44100	51018	6918

മേൽ പ്രകാരം വാടക വരവായ 44100/-രൂപ കൂടാതെ ജി.എസ്.ടി തുകയായ 6918/- രൂപയും ചേർത്ത് ആകെ 51018/- രൂപ വാടക വരവായി രേഖപ്പെടുത്തിയിരിക്കുന്നത്. ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡ്ഡിൽ രേഖപ്പെടുത്തി, ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കുന്നില്ല.

ഇ ടെണ്ടർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കുന്നതിനായി നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, ചിറ്റാരിക്കാൽ ശാഖയിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം 37221076293) ആരംഭിച്ചിട്ടുണ്ട്. 27.10.2023ന് ഈ അക്കൗണ്ടിൽ 5,03,832/- രൂപ നീക്കിയിരിപ്പുണ്ട്. ഇ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിക്കുന്ന തുക സ്വീകരിക്കുന്നതിനുള്ള ഈ ബാങ്ക് അക്കൗണ്ടിൽ

നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും മരാമത്ത് പ്രവൃത്തികളുടെ തനത് വിഹിതമായി നൽകുന്ന തുകകൾ, ട്രഷറിയിൽ നിന്നും ലഭിക്കുന്ന തുകകൾ തുടങ്ങിയ വരവുകളും ക്രെഡിറ്റ് ചെയ്യുന്നുണ്ട്. ഇത്തരത്തിൽ മറ്റ് തുകകൾ കൂടി ഈ അക്കൗണ്ടിൽ വരവുവെയ്ക്കുന്നതിനാൽ ടെണ്ടർ ഫോമിന്റെ വിലയായി അക്കൗണ്ടിൽ വരവുവന്ന തുക എത്രയെന്ന് കണക്കാക്കാൻ സാധിക്കുന്നില്ല. ആയതിനാൽ ഈ അക്കൗണ്ടിൽ ടെണ്ടർ ഫോമിന്റെ വിലയായി അക്കൗണ്ടിൽ വരവുവന്ന തുക കണക്കാക്കി ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതും ജി എസ് ടി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുണ്ട്. കൂടാതെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കുന്നതിനായി മാപ്പ് ചെയ്ത ഈ അക്കൗണ്ടിൽ മറ്റ് തുകകൾ വരവുവെയ്ക്കുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന മറ്റ് വരവുകൾ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 49 തിയതി 16.11.2023).

1-18 ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു.

1) 2022-23 വർഷം മരണരജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി കാണുന്നു.

ക്രമ നം	പേര്, ഇനം	പെൻഷണർ ഐഡി	മരണപ്പെട്ട തീയതി	പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ	
				അധികം നൽകിയ മാസം	അനുവദിച്ച തുക
1	ഏലിക്കുട്ടി (കർഷകതൊഴിലാളി പെൻഷൻ)	112090100314	04.08.2022	9/2022 – 06/2023 (1600x10)	16,000
2	കല്യാണി (കർഷകതൊഴിലാളി പെൻഷൻ)	112090100328	23.02.2022	3/2022 – 4/2022 (1600x2)	3,200
3	അന്നമ്മ (വാർദ്ധക്യ പെൻഷൻ)	112090201403	24.02.2022	3/2022 – 4/2022 (1600x2)	3,200
4	ഇഗ്നേഷ്യസ്.കെ.കെ (വാർദ്ധക്യ പെൻഷൻ)	112090200692	31.01.2022	2/2022 – 11/2022 (600x10)	6,000
5	മേരി (വാർദ്ധക്യ പെൻഷൻ)	112090201889	21.06.2022	7/2022 –6/2023 (1600x12)	19,200
6	ഏലിക്കുട്ടി (വാർദ്ധക്യ പെൻഷൻ)	112090200144	18.03.2022	4/2022 – 6/2023 (1600x15)	24,000
7	ത്രേസ്യാമ്മ (വാർദ്ധക്യ പെൻഷൻ)	112090201473	10.08.2022	9/2022 – 6/2023 (1600x10)	16,000
8	മറിയാമ്മ (വാർദ്ധക്യ പെൻഷൻ)	112090201545	26.08.2022	9/2022 – 6/2023 (1600x10)	16,000
				ആകെ തുക	103600

ഇത് സംബന്ധിച്ച് 15.11.2023 ന് നൽകിയ 40-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ പെൻഷൻ തുക ഡി.ബി.റ്റി സെല്ലിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ഈസ്റ്റ് എളേരി കൃഷി ഓഫീസിൽ നിന്നും ഗുണഭോക്താവിന്റെ മരണ ശേഷവും ചുവടെ പറയും പ്രകാരം തുക വിതരണം ചെയ്തിരിക്കുന്നു.

ക്രമ നം	പേര്, ഇനം	പെൻഷണർ ഐഡി	മരണപ്പെട്ട തീയതി	പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ	
				അധികം നൽകിയ മാസം	അനുവദിച്ച തുക

1	അലക്സാണ്ടർ.ഇ.എ (കർഷകപെൻഷൻ)	2220257033	12.02.2022	03/2022 – 06/2023 (1600X16)	25,600
2	ലക്ഷ്മി.സി.വി (കർഷകപെൻഷൻ)	2220257142	22.02.2022	03/2022 – 09/2022 (1600X7)	11,200
3	കൃഷ്ണൻ നായർ (കർഷകപെൻഷൻ)	2220256992	01.02.2022	03/2022 – 06/2023 (1600X16)	25,600
				ആകെ തുക	62400

മേൽ ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ പെൻഷൻ തുക ഡി.ബി.റ്റി സെല്ലിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.40. തീയ്യതി.15.11.2023)

1-19 പദ്ധതി നടത്തിപ്പിൽ മെല്ലപ്പോക്ക് - പഞ്ചായത്ത് നഷ്ടപ്പെടുത്തിയത് 1.51 കോടി രൂപ

സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി 2022-23 വർഷം സർക്കാർ അനുവദിച്ച 1.51 കോടി രൂപ ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെടുകയുണ്ടായി. അതുപോലെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച തുകയിൽ 79.57 ലക്ഷം രൂപയും ഓഡിറ്റ് വർഷം വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	ലാപ്സായ തുക	നീക്കിയിരിപ്പ്
വികസനഫണ്ട് പൊതുവിഭാഗം	0	20138000	20138000	14961905	5176095	-
വികസനഫണ്ട് എസ്.സി.പി.	0	445000	445000	355548	89452	-
വികസനഫണ്ട് ടി.എസ്.പി.	0	4694000	4694000	4576697	117303	-
സംരക്ഷണഗ്രാന്റ് റോഡ്	0	18105000	18105000	9330348	8774652	-
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	7417000	7417000	6543731	873269	-
ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് Try	0	220690	220690	220690	0	-
ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് Bank	0	3619003	3619003	600000	0	3019003
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)- Try	0	258102	258102	129051	129051	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)- Bank	699577	5253000	5952577	1014400	0	4938177

2022-23 വാർഷിക പദ്ധതിയിൽ 176 പദ്ധതികൾക്കായി 10.57 കോടി രൂപയാണ് വകയിരുത്തിയിരുന്നത് . എന്നാൽ 123 പദ്ധതികളിലായി 4.82 കോടി രൂപ മാത്രമാണ് ചെലവ് ചെയ്യുവാൻ സാധിച്ചിട്ടുള്ളത്. വിവിധ പദ്ധതികൾക്കായി വകയിരുത്തിയ വികസന ഫണ്ട് വിഹിതം വിനിയോഗിക്കുവാൻ സാധിക്കാതെ വരുമ്പോൾ പ്രസ്തുത പ്രൊജക്ടുകൾ ഭേദഗതി വരുത്തി ലൈഫ് ഭവന പദ്ധതിയുൾപ്പടെയുള്ള പദ്ധതികൾക്ക് വിനിയോഗിക്കുകയായിരുന്നെങ്കിൽ ഭീമമായ തുക നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നു. മതിയായ ഫണ്ട് ലഭിക്കാത്തതിനാൽ വീട് നിർമ്മാണം പൂർത്തിയാക്കാനാവാതെ പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പടെയുള്ള നിരവധി ഗുണഭോക്താക്കൾ തുടർ ഗഡുക്കൾക്കായി കാത്തിരിക്കുമ്പോഴാണ് ലഭ്യമായ ഫണ്ട് വിനിയോഗിക്കുവാൻ സാധിക്കാതെ നഷ്ടപ്പെടുത്തിയത്. മലയോര മേഖലയിൽ സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ പലതും അനിവാര്യമായി അറ്റകുറ്റപ്പണികൾ ചെയ്യേണ്ട സാഹചര്യം ഉള്ളപ്പോഴാണ് സംരക്ഷണ ഗ്രാന്റ് (റോഡ്) വിഹിതത്തിൽ നിന്നും 87.74 ലക്ഷം രൂപ നഷ്ടപ്പെടുത്തിയത്. 2022-23ൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ പദ്ധതികൾ പ്രകാരം സ്ഥലം വാങ്ങുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 87.55 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ സ്ഥലം

വാങ്ങൽ പദ്ധതി നടപ്പിലാകാത്തതിനാൽ ഈയിനത്തിൽ 79.57 ലക്ഷം രൂപ 31.03.2023 ൽ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ സ്ഥിതി ചെയ്യുകയാണ്. വൻകിട പദ്ധതികൾക്കായി കൂടുതൽ തുക വകയിരുത്തുന്നതുമൂലം സാധാരണ ജനവിഭാഗത്തിന് പ്രത്യക്ഷമായി പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് വകയിരുത്തുന്ന തുകയിൽ ആനുപാതികമായി കുറവുണ്ടാവുകയും, ആവിഷ്കരിച്ച പദ്ധതികൾക്ക് തുക ചെവഴിക്കാൻ സാധിക്കാതെ തുക ലാപ്സാകുന്ന സാഹചര്യവും ഉണ്ടാകുന്നു. പദ്ധതി ആസൂത്രണത്തിലും വിഭവ വിനിയോഗത്തിലും ഗ്രാമ പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും, ഭരണ സമിതിയും ജാഗ്രതയോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന് വിനിയോഗിക്കേണ്ട ഫണ്ടുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാൻ സാധിക്കുകയുള്ളു. തുടർ നടപടികൾക്കായി ഇക്കാര്യം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1-20 ജല നിധി പദ്ധതി-കോടികൾ ചെലവഴിച്ചിട്ടും കുടിവെള്ളം വിതരണം ആരംഭിച്ചിട്ടില്ല- പദ്ധതി നടത്തിപ്പിൽ അപാകതകൾ

G O (MS) 69/ 11/WRD Dt. 09-11-11 പ്രകാരം സർക്കാർ അനുമതി നൽകിയ ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങൾ 16-2-2013 ന് ഉദ്ഘാടനം ചെയ്യപ്പെട്ടിരുന്നുവെങ്കിലും, വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി പദ്ധതി നിർവ്വഹണ ഘട്ടം ആരംഭിച്ചത് 2014-15 വർഷമാണ്. ആകെ 13.66 കോടി അടങ്കൽ പ്രതീക്ഷിച്ചിരുന്ന പദ്ധതി പ്രകാരം കേരള ജലഅതോറിറ്റി നടപ്പാക്കുന്ന ആവുള്ളങ്കയം കുടിവെള്ള പദ്ധതിയിൽ നിന്നും ലഭ്യമാവുന്ന കുടിവെള്ളം അഞ്ച് പാക്കേജുകളിലായി ഗ്രാമ പഞ്ചായത്തിലെ എല്ലാ ഭാഗത്തും ലഭ്യമാക്കുവാനാണ് വിഭാവനം ചെയ്തിരുന്നത്. കേരള സർക്കാർ ജല വിഭവ വകുപ്പിനു കീഴിലുള്ള കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിക്കാണ് ജലനിധി പദ്ധതിയുടെ നിർവ്വഹണ ചുമതല. പദ്ധതി പൂർത്തീകരണം, നിലവിലെ അവസ്ഥ , തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി .നം. 26 തി . 13.11.2023) ഗ്രാമ പഞ്ചായത്ത് മറുപടി നൽകുകയുണ്ടായില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഭരണ സമിതി എടുത്ത ചില തീരുമാനങ്ങൾ, പദ്ധതിയുമായി ബന്ധപ്പെട്ട് ചാർട്ടേർഡ് അക്കൗണ്ടന്റ് തയ്യാറാക്കിയ ഓഡിറ്റ് റിപ്പോർട്ട്, നിർവ്വഹണ ചുമതലയുണ്ടായിരുന്ന കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി റീജിയണൽ പ്രൊജക്ട് ഡയറക്ടറുടെ ചില ഉത്തരവുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായി. പദ്ധതി പ്രകാരമുള്ള ആത്യന്തിക ലക്ഷ്യം (കുടിവെള്ള വിതരണം) കൈവരിക്കുവാൻ 11.91 കോടിയോളം രൂപ നാളിതുവരെ ചെലവഴിച്ചിട്ടും സാധിച്ചിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമാകുന്ന വസ്തുതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന കേരള റൂറൽ വാട്ടർ സപ്ലൈ & വാട്ടർ സപ്ലൈ ഏജൻസി റീജിയണൽ പ്രൊജക്ട് ഡയറക്ടറുടെ 16.09.2022 ലെ KRWSA-KNR/9/12-AC2നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണ റിപ്പോർട്ട് പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം വിവധയിനങ്ങളിലായി 11.91 കോടി രൂപയാണ് പദ്ധതിയ്ക്കായി ചെലവായിട്ടുള്ളത്. പദ്ധതിയ്ക്കായി കേരള ഗവൺമെന്റിൽ നിന്നും അനുവദിച്ച തുകയിൽ അവശേഷിക്കുന്ന 48.97 ലക്ഷം രൂപയും GPLevel പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട 42,757/-രൂപയുമുൾപ്പടെ 49,39,969/- രൂപ റീഫണ്ട് ചെയ്യുവാനും, പദ്ധതി അക്കൗണ്ടിലെ പലിശയിനത്തിൽ അവശേഷിച്ച തുക BG ഫെഡറേഷൻ /SLEC അക്കൗണ്ടിലേയ്ക്ക് സാങ്കേതികാനുമതി തുകയുടെ അനുപാതത്തിൽ കൈമാറുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതു പ്രകാരമുള്ള ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമ.നം	ഇനം	ചെലവ് തുക
1	Water Supply	97332872
2	Sanitation	12217973
3	GP Strengthening	620000

4	Capacity Building	109093
5	IEC	45600
6	Exposure Visit	53000
7	SO Payment	8779736
	Total	119158274

പദ്ധതി പൂർത്തീകരണവുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച പൂർത്തീകരണ റിപ്പോർട്ടിന് ഗ്രാമ പഞ്ചായത്ത് ഭരണസമതി അംഗീകാരം നൽകിയിട്ടില്ല. ഭരണ സമിതിയുടെ 24/09/22 ലെ 7/1 നമ്പർ തീരുമാന പ്രകാരം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി കൈവരിക്കാത്തതിനാലും, നിർവ്വഹണ സഹായ സംഘടനയ്ക്ക് എതിരെ ഹൈക്കോടതിയിൽ കേസ് നിലവിൽ ഉള്ളതിനാലും , ഭരണ സമിതിയുടെ അറിവോ സമ്മതമോ ഇല്ലാതെ വിടുതൽ ഉത്തരവ് നൽകിയത് ഭരണ സമിതി അംഗീകരിക്കുന്നില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ KRWSA റീജിയണൽ പ്രൊജക്ട് ഡയറക്ടറുടെ മേൽ പരാമർശിച്ച ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള തുക (₹49,39,969/-) തിരിച്ചടയ്ക്കണ്ടായെന്നും ആയത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും, പദ്ധതി നിർവ്വഹണം സംബന്ധിച്ച് ബഹു. ജലവിഭവ വകുപ്പ് മന്ത്രിക്ക് പരാതി നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം നിർമ്മിച്ച ആസ്തികളൊന്നും തന്നെ ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ലെന്നും, പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഇവ ഉൾപ്പെടുത്തിയിട്ടില്ലെന്നും, പദ്ധതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നൽകുന്നതിനും, ജലവിഭവ വകുപ്പ് മന്ത്രിക്ക് പരാതി സമർപ്പിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതി 8/12/2022 ലെ 2/1 നമ്പർ പ്രകാരവും തീരുമാനിച്ചിരുന്നു. എന്നാൽ ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ പ്രവർത്തനങ്ങൾ /നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകിയെന്നത് സംബന്ധിച്ച ഔദ്യോഗികമായ കണക്ക് ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. KRWSA റീജിയണൽ പ്രൊജക്ട് ഡയറക്ടറുടെ 16.09.2022 ലെ പൂർത്തീകരണ റിപ്പോർട്ട് പ്രകാരം 2437 ഗാർഹിക കണക്ഷൻ നൽകുന്നതിനായി 11.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി നിർവ്വഹണ സഹായ സംഘടനയുടെ പ്രൊജക്ട് കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കുടിവെള്ള കണക്ഷൻ നൽകിയതിന്റെ വിവരവും, നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ടിലെ ഉള്ളടക്കവും ചുവടെ ചേർക്കുന്നു . (ഈ റിപ്പോർട്ട് പ്രകാരം ആകെ ഗുണഭോക്താക്കളുടെ എണ്ണം 2399 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്)

പാക്കേജ് നം	ആകെ ഗുണഭോക്താക്കൾ	പ്രവർത്തന സജ്ജമായ കണക്ഷനുകൾ	നിലവിലെ അവസ്ഥ
1	203	100	2020 ജനുവരി മാസത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിരുന്നു. PWD റോഡ് പ്രവൃത്തി മൂലം പൈപ്പ് ലൈനുകളിൽ തകരാറ് സംഭവിച്ചിരുന്നു. ആയത് പദ്ധതി അക്കൗണ്ടിലെ പലിശ തുക വിനിയോഗിച്ച് പരിഹരിച്ചിരുന്നുവെങ്കിലും ട്രയൽ റൺ നടത്തുവാൻ കരാറുകാരന് സാധിച്ചിട്ടില്ല. ചട്ട മല ഭാഗത്തേയ്ക്ക് പമ്പ് ചെയ്യുന്നതിനായി ചിറ്റാരിക്കാൽ സംപിലുള്ള മോട്ടോറിന് ഡിസ്ചാർജ്ജ് കുറവാണ്. വാട്ടർ അതോറിറ്റിയുടെ മെയിൻ പൈപ്പ് ലൈനിലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. ആകെ Tendered PAC ₹2,63,44,808/- ആകെ വാല്യൂവേഷൻ ₹1,99,81,696/- കരാറുകാരന് നൽകിയ തുക – ₹1,84,18,456/-
2	210	45	PWD/KIIFB റോഡ് പ്രവൃത്തി മൂലം മെയിൻ പൈപ്പ് ലൈനുകളിൽ തകരാറ് സംഭവിച്ചിരുന്നു. ആയത് SLEC പുന:സ്ഥാപിച്ചിട്ടുണ്ട്. പള്ളിക്കുന്ന്

			സമിതിയിലേയ്ക്ക് വെള്ളം എത്തിക്കുന്നതിന് KIIFB റോഡ് പ്രവൃത്തി മൂലം തകരാറിലായ വിതരണ ലൈനുകൾ പുന:സ്ഥാപിക്കേണ്ടതുണ്ട്. ആയതിനുള്ള ഫണ്ട് കിഫ്ബിയിൽ നിന്നും പഞ്ചായത്തിലേയ്ക്ക് വന്നിട്ടുണ്ട്. നിലവിൽ കരാറുകാരൻ ചെയ്യേണ്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ട്രയൽ റൺ നടത്തിവരികയുമാണ്. ആകെ Tendered PAC ₹2,45,31,772/- ആകെ വാല്യുവേഷൻ ₹2,13,22,331/- കരാറുകാരന് നൽകിയ തുക – ₹1,93,82,508/-
3	212	30	പദ്ധതിയിൽ ഉൾപ്പെട്ട ഓടക്കൊല്ലി , മെയ്യാൽ പ്രദേശങ്ങളിലേയ്ക്ക് വെള്ളം എത്തിക്കേണ്ട വാട്ടർ അതോറിറ്റിയുടെ പ്രധാന പൈപ്പ് ലൈനുകൾ തകരാറിലായതിനാൽ ട്രയൽ റൺ നടത്താൻ ബുദ്ധിമുട്ടുണ്ട്. നിലവിൽ കരാറുകാരൻ ചെയ്യേണ്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആകെ Tendered PAC ₹3,07,04,470/- ആകെ വാല്യുവേഷൻ ₹2,54,98,025/- കരാറുകാരന് നൽകിയ തുക – ₹2,22,89,913/-
4 & 5	1774	800	വിതരണ ലൈനുകളിൽ വളരെയധികം ഗ്യാപ് ഇട്ടാണ് കരാറുകാരൻ പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളത് . എഗ്രിമെന്റ് കാലാവധികഴിഞ്ഞിട്ടും കരാറുകാരന് പദ്ധതിയിൽ ഉൾപ്പെട്ട വീടുകളിൽ കുടിവെള്ളം എത്തിക്കാൻ സാധിക്കാത്തതിനാൽ അദ്ദേഹത്തെ ടെർമിനേറ്റ് ചെയ്ത് റിസ്ക്&കോസ്റ്റിൽ SLEC പദ്ധതികൾ നടത്തിവരികയാണ്. ആകെ Tendered PAC ₹5,42,02,261/- ആകെ വാല്യുവേഷൻ ₹3,63,75,129/- കരാറുകാരന് നൽകിയ തുക – ₹2,85,65,677/- കൂടാതെ SLEC നേരിട്ട് നടത്തിയ പ്രവൃത്തികളുടെ വാല്യുവേഷൻ തുകയായ 64,33,363/-രൂപയിൽ 57,64,244/-രൂപയും കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ റോഡ് വികസന പ്രവൃത്തികൾ മൂലം സ്ഥാപിച്ച പൈപ്പ് ലൈനുകൾ തകരാറിയാതിനാലും, കരാറുകാരൻ പൈപ്പ് ലൈൻ സ്ഥാപിച്ചതിലെ അപാകതകൾ മൂലവും പദ്ധതി പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചിട്ടില്ല.
ആകെ	2399	975	

പദ്ധതി നടത്തിപ്പിന് ചുമതലപ്പെട്ട സഹായ സംഘടനയുടെ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തികരിച്ച് കുടിവെള്ള വിതരണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ലായെന്ന് വ്യക്തമാണ്. കൂടാതെ കിഫ്ബി/PWD റോഡ് വികസനത്തിന്റെ ഭാഗമായി പൈപ്പ് ലൈനുകൾ നീക്കം ചെയ്തതായി മേൽ പ്രകാരമുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ അളവുകൾ സംബന്ധിച്ച വിവരങ്ങളും, നീക്കം ചെയ്തവ പുന:സ്ഥാപിച്ചതിന്റെയും ഇനി പുന:സ്ഥാപിക്കുവാനുള്ളതിന്റെയും കൃത്യമായ വിവരങ്ങളും ഗ്രാമ പഞ്ചായത്ത് അധികൃതർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് തല നിർവ്വഹണ സമിതിയും , അതിന്റെ ഭാഗമായി 46 ഗുണഭോക്തൃ സമിതികളും രൂപീകരിച്ചിരുന്നു. നിർവ്വഹണ സഹായ സംഘടന പ്രൊജക്ട് കമ്മീഷണർ നൽകിയ വിവരങ്ങൾ പ്രകാരം ഗുണഭോക്തൃ സമിതികൾ നാളിതുവരെ ശേഖരിച്ച ഗുണഭോക്തൃ വിഹിതം 86.48 ലക്ഷം രൂപയാണ്. ഇതിൽ 55.85 ലക്ഷം രൂപ പ്രൊജക്ട് അക്കൗണ്ടിൽ വരവ് വെച്ചിട്ടുണ്ട്. അവശേഷിച്ച 30.62 ലക്ഷം രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല. ഗുണഭോക്തൃ സമിതികൾ ശേഖരിച്ച തുക ബാങ്കിൽ നിക്ഷേപിക്കാത്തത് സംബന്ധിച്ച് വിശദപരിശോധന നടത്തി തുക പ്രൊജക്ട്

അക്കൗണ്ടിൽ വരവ് വെക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഗുണഭോക്തൃ സമിതി ഭാരവാഹികൾക്ക് കർശന നിർദ്ദേശം നല്കേണ്ടതാണ്.

4) പദ്ധതിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന കേരള റൂറൽ വാട്ടർ സപ്ലൈ & വാട്ടർ സപ്ലൈ ഏജൻസി റീജിയണൽ പ്രൊജക്ട് ഡയറക്ടറുടെ 16.09.2022 ലെ KRWSA-KNR/9/12-AC2നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണ റിപ്പോർട്ട് പുറപ്പെടുവിച്ചിരുന്നു. ആയതിന് ശേഷവും ഗ്രാമ പഞ്ചായത്ത് പ്രൊജക്ട്.നം 153/23 പ്രകാരം 1014400/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് (Vr.No.XFC/22-23/P-9 30.09.2022) ജല നിധി പദ്ധതി അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ട ശേഷവും , പദ്ധതി അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പുണ്ടായിരിക്കേ വീണ്ടും പഞ്ചായത്ത് വിഹിതമായി തുക നിക്ഷേപിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

5) ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വന്നിരുന്ന ജലനിധി പദ്ധതി പ്രവർത്തനങ്ങൾക്കായി കോടികൾ മുടക്കിയിട്ടും ലക്ഷ്യം കൈവരിക്കാത്ത വേളയിൽ തന്നെ ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തിനെ തെരഞ്ഞെടുക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 02.11.2021 ലെ 8/1 നമ്പർ തീരുമാനം പ്രകാരം , ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായി അവരുടെ വിതരണ ലൈനിൽ നിന്നും ആയിരം ഗാർഹിക കണക്ഷനുകളും, KRWSA നിർവ്വഹണ ഏജൻസിയായി 3157 കണക്ഷനുകളും നൽകുന്നതിന് 24.74 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിലേക്ക് 15% ഗ്രാമ പഞ്ചായത്ത് വിഹിതവും, 10% ഗുണഭോക്തൃവിഹിതവും ലഭ്യമാക്കുന്നതിനും തീരുമാനിച്ചു. അപാകതകൾ പരിഹരിച്ച് പദ്ധതി 2022 ജനുവരി 31 ന് മുമ്പ് പൂർത്തീകരിക്കുമെന്നത് കേരള ജല അതോറിറ്റിയും , KRWSAയും ഉറപ്പ് വരുത്തണമെന്നും തീരുമാനിച്ചു. നിലവിൽ ജല ജീവൻ മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഓഫീസ് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ജല ജീവൻ മിഷൻ പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്ത് കരാറുടമ്പടി ഒപ്പ് വെയ്ക്കുകയോ , വിഹിതം നൽകുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ KRWSA മുഖേന നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിട്ടുള്ള ജല ജീവൻ മിഷൻ പദ്ധതിയുടെ സർക്കാർ ഭരണാനുമതിയും , സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടികളുടെ ഘട്ടത്തിലാണെന്നും, ജല ലഭ്യത ഉറപ്പുവരുത്തുവാൻ ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തണമെന്നും കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി റീജിയണൽ പ്രൊജക്ട് ഡയറക്ടറുടെ 22.11.2022 ലെ KRWSA-KNR/118/19-TAനമ്പർ കത്തിൽ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. ജല നിധി പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനുകളും, സംവിധാനങ്ങളും ജല ജീവൻ മിഷൻ പദ്ധതിയിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തമായ പഠനം നടത്തിയശേഷമാണോ ജല ജീവൻ മിഷൻ പദ്ധതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി ലഭ്യമാക്കിയതെന്ന് വ്യക്തമല്ല.

6) ജല നിധി പദ്ധതി നടത്തിപ്പ് ചുമതലയുണ്ടായിരുന്ന കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി റീജിയണൽ പ്രൊജക്ട് ഡയറക്ടർ (I/c) കണ്ണൂർ KRWSA എക്സിക്യൂട്ടീവ് ഡയറക്ടർ തിരുവനന്തപുരത്തിന് നൽകിയ കത്തിൽ (നം. KRWSA-KNR/23/2021-MTI , തിയതി. 27.10.2023) ഗ്രാമ പഞ്ചായത്തിലെ ജല നിധി പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പദ്ധതി നിർവ്വഹണം പൂർത്തീയാക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഇടപെടൽ ആവശ്യപ്പെട്ടാണ് കത്ത് നൽകിയിരിക്കുന്നത്. കത്തിലെ പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

“ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ ഉള്ള ആവുള്ളക്കയം കുടിവെള്ള പദ്ധതിയുടെ ഭാഗമായി കിണർ, പമ്പ് ഹൗസ്, പമ്പ് സെറ്റ്, പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല ജല സംഭരണി , 70 കിലോമീറ്റർ വിതരണ ലൈൻ എന്നിവയുടെ നിർവ്വഹണ പ്രവൃത്തി ചെയ്തതും അവയുടെ ഉടമസ്ഥതയും കേരള വാട്ടർ അതോറിറ്റിയ്ക്കാണ്. ആവുള്ളക്കയും കുടിവെള്ള

പദ്ധതിയിൽ നിന്നും ബൾക്ക് വാട്ടർ അടിസ്ഥാനത്തിൽ വാങ്ങി വിതരണം ചെയ്യുന്ന തരത്തിലാണ് ജല നിധി പദ്ധതി വിഭാവനം ചെയ്തിരുന്നത് . ജല നിധി പദ്ധതിയുടെ ഭാഗമായി 2399 വീടുകളിൽ ഗാർഹിക ടാപ്പ് കണക്ഷൻ നൽകി. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ റോഡ് വിപുലീകരണ പ്രവൃത്തികളുടെ ഭാഗമായി KWA, KRWSA എന്നിവർ സ്ഥാപിച്ച ജല വിതരണ ലൈനുകളിൽ വ്യാപക തകരാറുകൾ സംഭവിക്കുകയും പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കാതെ വരികയും , 2019ൽ ലോക ബാങ്ക് സഹായം നിലയ്ക്കുകയും ചെയ്തു.

2021-22 സാമ്പത്തിക വർഷം ജല ജീവൻ മിഷൻ പദ്ധതിയിൽ 22 കോടി രൂപയുടെ അടങ്കലിൽ 3157 കുടുംബങ്ങളെ കൂടി ഉൾപ്പെടുത്തി സമ്പൂർണ്ണ കവേറേജിനുള്ള പ്രവൃത്തിക്ക് സർക്കാർ ഭരണാനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർവ്വഹണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. 2024 മാർച്ചിനകം 5500 വീടുകളിൽ വെള്ളം എത്തിക്കാനുള്ള തരത്തിൽ പദ്ധതി പുരോഗമിച്ച് വരുന്നു. 2023 നവംബർ 30 നകം 1500 ഗാർഹിക ടാപ്പ് കണക്ഷനുകൾ പ്രവത്തനക്ഷമമാക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയും പ്രവർത്തനം പുരോഗമിച്ച് വരികയും ചെയ്യുന്നു. കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ബൾക്ക് വാട്ടർ അടിസ്ഥാനത്തിൽ വെള്ളം വാങ്ങുന്നതിന് അനുയോജ്യമായ തീരുമാനം എടുക്കുവാൻ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയ്ക്ക് സാധിച്ചിട്ടില്ല.

കേരളാ വാട്ടർ അതോറിറ്റിയുടെ കോട്ടപ്പള്ളത്തുള്ള 5 ലക്ഷം ലിറ്റർ ശേഷിയുള്ള ജല സംഭരണിയിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ 75% ഭാഗത്തും ജലം (ജല നിധി & ജല ജീവൻ) എത്തിക്കാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും ജല സംഭരണിയുടെ ബഹിർ ഗമന പൈപ്പിനേക്കാൾ ഉയരമുള്ള പ്രദേശത്തേയ്ക്ക് വെള്ളം ഒഴുക്കേണ്ടി വരുന്നതിനാൽ ജല സംഭരണി ഉപകാരപ്രദമാക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇതു മൂലം ജല നിധി പദ്ധതി വിതരണ ലൈനുകൾ പ്രവർത്തനക്ഷമമാക്കുവാനോ ജല ജീവൻ മിഷൻ പദ്ധതി പ്രാവർത്തികമാക്കുവാനോ സാധിച്ചിട്ടില്ല".കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും കുടിവെള്ളം എത്തിക്കാത്തതിനാൽ ജനങ്ങളുടേയും , ഗ്രാമ പഞ്ചായത്തിന്റേയും വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നതിനാൽ ബഹു. എക്സിക്യൂട്ടീവ് ഡയറക്ടർ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ നേരിട്ട് സന്ദർശനം നടത്തണമെന്നും പ്രശ്ന പരിഹാരത്തിന് സംയുക്ത യോഗം വിളിക്കുവാനാവശ്യമായ ഇടപെടലുകൾ നടത്തണമെന്നും റീജണൽ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

7) പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള ഏജൻസിയുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ തന്നെ പദ്ധതിയുടെ പരാജയം സമ്മതിച്ചു കൊണ്ടും, മേലധികാരിയുടെ ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ടും കത്ത് നൽകിയിരിക്കുകയാണ്. കുടിവെള്ള കണക്ഷൻ നല്കിയത് സംബന്ധിച്ച് നിർവ്വഹണ ഏജൻസിയും, അവർ ചുമതലപ്പെടുത്തിയ സഹായ സംഘടനയും വ്യത്യസ്ത കണക്കുകൾ പറയുന്നുണ്ടെങ്കിലും പദ്ധതിയിൽ ഉൾപ്പെട്ട എത്ര ഗുണഭോക്താക്കൾക്ക് കുടിവെള്ള വിതരണം ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ടെന്നുള്ള വ്യക്തമായ കണക്ക് ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

പദ്ധതി പ്രവർത്തനം ഫലപ്രദമായി പൂർത്തിയാക്കുവാൻ നാളിതുവരെ നിർവ്വഹണ ഏജൻസിയായ KRWSAയ്ക്ക് സാധിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത സ്ഥാപനം നൽകിയ പൂർത്തീകരണ റിപ്പോർട്ട് ഭരണ സമിതി അംഗീകരിക്കാത്ത സാഹചര്യത്തിലും പദ്ധതിയുടെ തുടർ പ്രവർത്തനം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. ജല നിധി പദ്ധതിയ്ക്കായി വാട്ടർ അതോറിറ്റി നിർമ്മിച്ച ജല സംഭരണികൾ പ്രയോജനപ്പെടുത്താൻ സാധിക്കാത്തതിനാലും പൈപ്പ് ലൈനുകൾ സ്ഥാപിച്ചതിൽ അപാകതയുള്ളതിനാലും പദ്ധതി പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമായ സാഹചര്യത്തിലും നിലവിലെ അവസ്ഥ സംബന്ധിച്ച് ഭരണ സമിതി തലത്തിൽ അന്വേഷണം നടത്തി പദ്ധതി നടത്തിപ്പിലെ അപാകതകളും നിലവിലെ അവസ്ഥകളും, സർക്കാരിനെ ധരിപ്പിച്ച്, പദ്ധതി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുടെ വിനിയോഗം ഉൾപ്പടെയുള്ള വിഷയങ്ങളിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കി ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

8) ഗ്രാമ പഞ്ചായത്തിൽ നിലവിൽ നടന്ന് വരുന്ന ജല ജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങളിൽ ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപിച്ച സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിലും, നിലവിലെ അപാകതകൾ പരിഹരിക്കുന്ന വിഷയങ്ങളിൽ വ്യക്തത വരുത്തുവാനും, ഇരട്ടിപ്പ് ഒഴിവാക്കുന്നതിനുമായി ജലജീവൻ മിഷൻ അധികൃതർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭീമമായ തുക ചെലവഴിച്ചിട്ടും ജനങ്ങൾക്ക് പ്രയോജനപ്പെടാത്ത ഈ പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനായി ഭരണസമിതി, പഞ്ചായത്ത് തല നടത്തിപ്പ് സമിതി, ഗുണഭോക്തൃസമിതികൾ, ബന്ധപ്പെട്ട സർക്കാർ വകുപ്പ് എന്നിവയുടെ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. മേൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളിൽ തുടർ നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച രേഖകളും വിശദീകരണങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പദ്ധതി പ്രവർത്തനക്ഷമമാക്കി ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കി വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓഡിറ്റ് വർഷം കൈമാറിയ 10,14,400/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 ജല നിധി പദ്ധതി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക സ്ഥിര നിക്ഷേപമായി മാറ്റി നിക്ഷേപിച്ചു. അപാകത

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വന്നിരുന്ന ജല നിധി പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയിൽ നിന്നും 1,09,86,329/- രൂപ, 8.12.2022 ലെ 2/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം പദ്ധതി അക്കൗണ്ട് നിലവിലുണ്ടായിരുന്ന കാനറബാങ്ക് ചിറ്റാരിക്കൽ ശാഖയിൽ തന്നെ സ്ഥിര നിക്ഷേപമാക്കി മാറ്റിയിട്ടുണ്ട്. സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് നം.SNSF.600868 പ്രകാരം 15/12/2022 മുതൽ 11/10/2024 വരെയാണ് നിക്ഷേപ കാലയളവ് . ഇക്കാലയളവിൽ 14.83 ലക്ഷം രൂപയാണ് പലിശയിനത്തിൽ ബാങ്കധികൃതർ വാഗ്ദാനം ചെയ്തിട്ടുള്ളത്. ജല നിധി പദ്ധതിയ്ക്കായി വിവിധ സ്രോതസ്സുകളിൽ നിന്ന് വിവിധ വർഷങ്ങളിൽ ലഭിച്ച തുകകളിൽ അവശേഷിക്കുന്ന തുകയും , പലിശയിനത്തിൽ ലഭിച്ച തുകയും നീക്കിയിരിപ്പിൽ ഉൾപ്പെടുന്നുണ്ട്. (22-23വർഷം 1014400/-രൂപ Vr.No.XFC/22-23/P-9 30.09.2022 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പദ്ധതി അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്.) പദ്ധതിയുടെ തുടർ പ്രവർത്തനം സംബന്ധിച്ച വ്യക്തത വരുത്താതെയും, സർക്കാരിൽ നിന്നും അനുമതി വാങ്ങാതെയുമാണ് സ്ഥിര നിക്ഷേപമാക്കി മാറ്റിയിട്ടുള്ളത്. പഞ്ചായത്തിന്റെ മിച്ചമുള്ള തനത് ഫണ്ട് ഭരണസമിതി അനുമതിയോടെ സ്ഥിര നിക്ഷേപമാക്കാമെങ്കിലും പ്രത്യേക ഉദ്ദേശ പദ്ധതിയ്ക്കായുള്ള ബാങ്ക് അക്കൗണ്ടിലെ നിക്ഷേപം സ്ഥിര നിക്ഷേപമാക്കി മാറ്റിയത് ക്രമ പ്രകാരമല്ല. ജലനിധി പദ്ധതിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന കേരള റൂറൽ & വാട്ടർ സപ്ലൈ ഏജൻസി റീജിയണൽ പ്രൊജക്ട് ഡയറക്ടറുടെ 16.09.2022 ലെ KRWSA-KNR/9/12-AC2നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണ റിപ്പോർട്ട് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിനാൽ മേൽ റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നൽകുന്നതിനും, ജലവിഭവ വകുപ്പ് മന്ത്രിക്ക് പരാതി സമർപ്പിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരുന്നു. (8/12/2022ലെ 2/1നമ്പർ തീരുമാനം). ഇതേ തുടർന്നാണ് പദ്ധതി അക്കൗണ്ടിലെ 30/11/2022 ലെ നീക്കിയിരിപ്പിൽ നിന്നും 10986329/-രൂപ സ്പെഷ്യൽ ഫണ്ടായി സ്ഥിര നിക്ഷേപമാക്കുവാൻ തീരുമാനിച്ചത്. പഞ്ചായത്തിന്റെ ബാധ്യതയിൽ ഉൾപ്പെടുന്ന പ്രസ്തുത തുക സ്ഥിര നിക്ഷേപമായി തുടർന്നാൽ കാലക്രമേണ തനത് ഫണ്ടിൽ ഉൾപ്പെടുത്തി ചെലവഴിക്കുവാനുള്ള സാധ്യതയുണ്ട്. ആയതിനാൽ ജല നിധി പദ്ധതി ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച് സ്ഥിര നിക്ഷേപമാക്കി മാറ്റിയ തുകയും ആയതിന് ലഭിച്ച പലിശ തുകയും പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തിരികെ നിക്ഷേപിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി .നം. 43 തി . 15.11.2023)

1-22 ഖരമാലിന്യ ശേഖരണം -മുച്ചക്രവാഹനം വാങ്ങിയതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ഹരിത കർമ്മസേനയ്ക്ക് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യം എം.സി.എഫിൽ എത്തിക്കുന്നതിന് ഇലക്ട്രിക് മുച്ചക്ര വാഹനം (പ്രൊ.നം 42/23) വാങ്ങിയ ഇനത്തിൽ 4,27,953/- രൂപ ഓഡിറ്റ് വർഷം വിനിയോഗിച്ചിട്ടുണ്ട്. (Vr.No.22200758/15.12.2022 ₹3,50,000/-രൂപ ശുചിത്വ മിഷൻ & Vr.No. 22200757/15.12.2022 ₹ 77953/-തനത് ഫണ്ട്). കുറ്റക്കാരൻ പ്രൈവറ്റ് ലിമറ്റഡ് കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാഹനം വാങ്ങിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) പദ്ധതി പ്രകാരം വാങ്ങിയ വാഹനം ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ.

2) വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട ടാക്സ് ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രൊഫോർമ ഇൻവോയ്സാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ജെം മുഖേനയാണ് വാഹനം വാങ്ങിയത് എന്ന് അധികൃതർ സൂചിപ്പിച്ചിരുന്നുവെങ്കിലും ആയത് സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) വാഹനത്തിന്റെ നടത്തിപ്പ് ചുമതല ഹരിത കർമ്മ സേനയെ ഏൽപ്പിച്ചതിന്റെ രേഖകൾ, ഭരണ സമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) 2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പദ്ധതി പ്രകാരമുള്ള ബിൽ തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി ഈടാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

മേൽ പരാമർശിച്ച രേഖകളും വിശദാംശങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 30 തി. 13.11.2023) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 4,27,953/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുത്തത് - നടപടിക്രമങ്ങൾ പാലിച്ചില്ല.

ഗ്രാമ പഞ്ചായത്തിലെ LID&EW വിഭാഗം അസിസ്റ്റന്റ് എഞ്ചിനിയറുടെ കാര്യാലയത്തിലെ ആവശ്യത്തിനായി 3/22 മുതൽ 12/22 വരെയുള്ള കാലയളവിൽ വാഹനം വാടകയ്ക്കെടുത്തതിന്റെ പ്രതിഫലമിനത്തിൽ 2,40,000/-രൂപ (10X24000) റിക്വിസിഷന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. സ.ഉ(കൈ)നം.115/22തസ്വഭവ തിയതി. 28.05.2022 ഖണ്ഡിക 8.2 പ്രകാരം നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിച്ച് വാഹനം വാടകയ്ക്കെടുക്കാവുന്നതാണ്. ഇതു പ്രകാരം പ്രതിമാസം 2000 കിലോമീറ്റർ ഓടുന്നതിനുള്ള വാടക (ഇന്ധനം, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ ഉൾപ്പെടെയുള്ള ആകെ തുക) രേഖപ്പെടുത്തിയുള്ള ക്വട്ടേഷൻ ക്ഷണിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് വാഹനം വാടകയ്ക്കെടുത്തത്. കൂടാതെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെയാണ് തുക ചെലവഴിച്ചിരിക്കുന്നത് . നടപടിക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചതിനാൽ വാഹന വാടകയിനത്തിൽ അനുവദിച്ച 2,40,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം. 53 തി . 16.11.2023)

ക്രമ.നം	വൗച്ചർ നം, തിയതി	തുക
1	22200195/30.05.2022	24000/-

2	22200196/30.05.2022	24000/-
3	22200453/15.09.2022	24000/-
4	22200454/15.09.2022	24000/-
5	22200463/16.09.2022	24000/-
6	22200539/30.09.2022	24000/-
7	22200662/08.11.2022	24000/-
8	22200736/03.12.2022	24000/-
9	22200890/01.02.2023	24000/-
10	22200891/01.02.2023	24000/-
	ആകെ	240000/-

1-24 കമ്മ്യൂണിറ്റി റിക്രിയേഷൻ ക്ലബ്ബിന് ഫർണിച്ചറും, ടി,വി,യും അനുവദിച്ചത് - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

നല്ലോമ്പുഴ കമ്മ്യൂണിറ്റി റിക്രിയേഷൻ ക്ലബ്ബിന് ഫർണിച്ചറും, ടി,വി,യും (പ്രൊ.നം.191/22-23) വാങ്ങി നൽകിയ വകയിൽ വികസന ഫണ്ടിൽ നിന്നും ചുവടെ ചേർത്ത പ്രകാരം 76,500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ട്രഷറി ബിൽ നം. 22200552001601458476 തി. 24.03.2023 = ₹ 28,000/-

ട്രഷറി ബിൽ നം. 22200552001601169831 തി. 01.02.2023 = ₹ 48,500/-

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1) സ.ഉ(കൈ)നം.84/22 തസ്വഭവ തിയതി.19.04.2022 ഖണ്ഡിക 8.6.15 പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ, കെട്ടിടം എന്നിവയുൾപ്പെടെയുള്ള ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് തുക വിനിയോഗിക്കാവുന്നതാണ്. എന്നാൽ നല്ലോമ്പുഴ കമ്മ്യൂണിറ്റി റിക്രിയേഷൻ ക്ലബ്ബിന് ലൈബ്രറി കൗൺസിൽ അംഗീകാരം ലഭിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) പദ്ധതി പ്രകാരം വാങ്ങിയ ഓഫീസ് ടേബിൾ, ഷെൽഫ്, ടി,വി എന്നിവ നല്ലോമ്പുഴ കമ്മ്യൂണിറ്റി റിക്രിയേഷൻ ക്ലബ്ബ് ഭാരവാഹികൾ കൈപ്പറ്റിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പഞ്ചായത്ത് അനുവദിച്ച ഫർണിച്ചർ, ടി.വി എന്നിവയുടെ തുടർ സംരക്ഷണം ഉറപ്പുവരുത്തുവാൻ ക്ലബ്ബ് ഭാരവാഹികളുമായി കരാർ ചമച്ചിട്ടില്ല.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി നടത്തിയ 76,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി .നം. 30 തി . 13.11.2023)

1-25 ഡി.പി.സി ഹാൾ നിർമ്മാണം ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്ട് നം 228/23 പ്രകാരം 1,00,000/- രൂപ ഡി.പിസി ഹാൾ നിർമ്മാണം വിഹിതമിനത്തിൽ ജില്ലാ ആസൂത്രണ സമിതിയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (വികസനഫണ്ട് ജനറൽ-ട്രഷറി ബിൽ നം. 22200552001601138782 തി. 04.02.2023)

1-26 ആംബുലൻസ് നടത്തിപ്പ് ചെലവ് തനത് ഫണ്ടിൽ നിന്നും അനുവദിച്ചത് സംബന്ധിച്ച്

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്ത് വാങ്ങിയ ആംബുലൻസിന്റെ (KL/79A-2488) വരവ് തുകകൾ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുകയും നടത്തിപ്പ് ചെലവ് പ്രസ്തുത അക്കൗണ്ടിൽ നിന്നുമാണ് നിർവ്വഹിച്ച് വരുന്നത്. എന്നാൽ 2022-23 വർഷം ആംബുലൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട ചുവടെ ചേർത്ത ചെലവുകൾ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നടത്തിയിട്ടുള്ളതായി കാണുന്നു.

ക്രമ.നം	ഇനം	തുക	ചെക്ക് നം.
1	ഫ്യൂവൽ ചാർജ്ജ്	2000/-	545063/12.4.23
2	വാഹന നികുതി	2331/-	545063/12.4.23
3	രജിസ്ട്രേഷൻ ഫീസ്	2265/-	545063/12.4.23
4	ഡ്രൈവറുടെ 6/22 വേതനം അനീഷ് CG	14600/-	5563583/1.07.2022
5	ആംബുലൻസ് റിപ്പയർ	15521/-	315063/20.09.2022
6	ആംബുലൻസ് റിപ്പയർ	3909/-	304351/01.03.2023
7	ഡ്രൈവറുടെ 2/23 വേതനം അനീഷ് CG	15000/-	304351/01.03.2023
8	ആംബുലൻസ് കൂളന്റ്	337/-	304353/13.03.2023
9	ആംബുലൻസ് ഫ്യൂവൽ ചാർജ്ജ്	48932/-	304353/13.03.2023
10	ആംബുലൻസ് റിപ്പയർ	1980/-	304353/13.03.2023
11	ആംബുലൻസ് റിപ്പയർ	300/-	304359/27.03.2023
12	ആംബുലൻസ് ഇൻഷ്വറൻസ്	14187/-	304367/30.03.2023
13	വെഹിക്കൾ ടാക്സ്	2734/-	304366/30.03.2023
	ആകെ	124096/-	

ആംബുലൻസ് വരവ് നിക്ഷേപിക്കുവാനായി കേരള ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ 31.03.23 ൽ 2,18,358/രൂപ നീക്കിയിരിപ്പുണ്ട്. ആംബുലൻസ് നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകൾ റീ ക്ലപ്പ് ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ അംബുലൻസ് നടത്തിപ്പ് ചെലവ് പൂർണ്ണമായും പ്രസ്തുത ആവശ്യത്തിനായി ആരംഭിച്ച അക്കൗണ്ടിൽ നിന്നു തന്നെ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ആർദ്രം പുരസ്കാരം, ആരോഗ്യ കേരള പുരസ്കാരം, എന്നീയിനങ്ങളിൽ ലഭിച്ച തുകകൾ വാഹനം വാങ്ങുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. ആംബുലൻസ് നടത്തിപ്പ് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന വിഷയമല്ല. കൂടാതെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ച് വരുന്നതിനാൽ വാഹനത്തിന്റെ നടത്തിപ്പും സംരക്ഷണവും എഫ്.എച്ച്.സി ആശുപത്രി മാനേജിംഗ് കമ്മിറ്റി മുഖേന നിർവ്വഹിക്കുന്നതായിരിക്കും കൂടുതൽ ഫലപ്രദം. ഇക്കാര്യം ഉചിത മാർഗ്ഗേന സർക്കാരിനെ ധരിപ്പിച്ച് അനുമതി വാങ്ങി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി .നം. 53 തി . 16.11.2023)

1-27 പാലിയേറ്റീവ് കെയർ വാഹനം നടത്തിപ്പ് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ചിറ്റാരിക്കാൽ പി.എച്ച്.സി. ക്ക് (നിലവിൽ എഫ്.എച്ച്.സി) ആരോഗ്യ കേരള പുരസ്കാരത്തിലൂടെ ലഭിച്ച അവാർഡ് തുകയായ 10 ലക്ഷം രൂപ ഉപയോഗിച്ച് , പ്രസ്തുത പി.എച്ച്.സി. യിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് വേണ്ടി ഒരു വാഹനം വാങ്ങുന്നതിന് 10.11.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം . 3631/17/തസ്വഭവ പ്രകാരം പഞ്ചായത്തിന് അനുമതി നൽകുകയുണ്ടായി. ഇതിനെ തുടർന്ന് GeM (Government E Marketing) വഴി, ₹8,78,100/- ചെലവഴിച്ച് മഹീന്ദ്ര കമ്പനിയുടെ ഒരു 'സ്കോർപ്പിയോ'(KL 60 N 8748), 2018 മാർച്ച് മാസത്തിൽ വാങ്ങുകയുണ്ടായി.

മലയോര പ്രദേശമായതിനാൽ ,ഹോംകെയർ വിസിറ്റുകൾ നടത്തുന്നതിനായി പഞ്ചായത്തിന്റെ

വാഹനമായ 'ബൊലേറോ'യാണ് (KL 60 N 3074) ഇപ്പോൾ ഉപയോഗിച്ച് വരുന്നത്. പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം വാങ്ങിയ വാഹനം മാറ്റി ഉപയോഗിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി നേടിയിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന വാഹനത്തിന്റെ നടത്തിപ്പ് ചെലവ് നിലവിൽ ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുമാണ് വഹിക്കുന്നത്. ഈ വാഹനം പാലിയേറ്റീവ് ഹോംകെയറിന് പുറമേ എഫ്.എച്ച്.സിയുടെ വിവിധ ആവശ്യങ്ങൾക്കും ഇടയ്ക്ക് പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. സ.ഉ. (സാധാ) നം.553/2019/തസ്വഭവ/07.03.2019 ലെ ഖണ്ഡിക 2.8 ൽ ഹോം കെയർ വാഹനങ്ങളുടെ ക്രമീകരണം / നടത്തിപ്പ് എന്നിവയെപ്പറ്റി പരാമർശിക്കുന്നുണ്ട്. ഇതനുസരിച്ച് പാലിയേറ്റീവ് പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനം ഉപയോഗിക്കുമ്പോൾ ഡ്രൈവറുടെ വേതനം, ഇന്ധനച്ചെലവ് എന്നിവ ഹോംകെയർ ദിവസങ്ങൾക്കാനുപാതികമായി കണക്കാക്കി പാലിയേറ്റീവ് പദ്ധതി ചെലവിൽ ഉൾപ്പെടുത്തി വിനിയോഗിക്കാവുന്നതാണെങ്കിലും പ്രസ്തുത നിർദ്ദേശം പാലിച്ച് കാണുന്നില്ല. പാലിയേറ്റീവ് പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന വാഹനം എഫ്.എച്ച്.സിയുടെ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതിനാൽ വാഹനത്തിന്റെ നടത്തിപ്പ് ആശുപത്രി മാനേജിംഗ് കമ്മിറ്റിയെ ഏൽപിക്കുന്നതാണ് ഉചിതം. വാഹനം വാങ്ങുന്നതിന് അനുമതി നൽകുന്ന ഉത്തരവിൽ തുടർ പ്രവർത്തനങ്ങൾക്കുള്ള ചെലവ് സർക്കാർ വഹിക്കുകയില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ പലിയേറ്റീവ് പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ വിഹിതം ഹോംകെയർ ദിവസങ്ങൾക്കാനുപാതികമായി കണക്കാക്കി അനുവദിക്കുകയും അവശേഷിച്ച നടത്തിപ്പ് ചെലവ് എച്ച്.എം.സി വഹിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണ്. പാലിയേറ്റീവ് പദ്ധതിയ്ക്കായി വാങ്ങിയ വാഹനം പഞ്ചായത്തും, പഞ്ചായത്ത് വാഹനം പാലിയേറ്റീവ് പദ്ധതിയ്ക്കുമായി മാറ്റി ഉപയോഗിക്കുന്ന വിഷയം സർക്കാരിനെ ധരിപ്പിച്ച് അനുമതി ലഭ്യമാകുന്നെങ്കിൽ മാത്രം ഇത്തരത്തിൽ ഉപയോഗിക്കാവുന്നതും അല്ലാത്ത പക്ഷം പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് വേണ്ടി വാങ്ങിയ വാഹനം പ്രസ്തുത ആവശ്യത്തിന് മാത്രം ഉപയോഗിക്കുന്നതിനായി എച്ച്.എം.സിയെ ചുമതലയേൽപ്പിക്കേണ്ടതുമാണ്.

1-28 കറവപശു വളർത്തൽ (ജനറൽ)- പദ്ധതി ചെലവ് രേഖകൾ അപൂർണ്ണം.

ചെലവ് തുക	13,80,000/-
ബിൽ റഫറൻസ് നമ്പർ.	22200552014201413445, തീയതി.20.03.2023, Rs.1,75,440/-
	22200552014201358252, തീയതി.15.03.2023, Rs.2,40,000/-
	22200552014201005269, തീയതി.06.01.2023, Rs.4,80,000/-
	22200552014200893813, തീയതി.12.12.2022, Rs.3,30,000/-
	22200552014200866886, തീയതി.06.12.2022, Rs.1,20,000/-
	22200552014201053366, തീയതി.17.01.2023, Rs.30,000/-
ചെക്ക് നം.	304360.തീയ്യതി.27.03.2023, Rs.4,560/-

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പാക്കിയ വനിതകൾക്ക് പശു വളർത്തൽ പദ്ധതി (ജനറൽ , പ്രോജക്റ്റ് നം.SO134/23) പ്രകാരം 13,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുപ്രകാരം 46 ഗുണഭോക്താക്കൾക്ക് ഒരു പശുവിന് 60,000/-രൂപ വില നിശ്ചയിച്ച് 50% സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) ഗുണഭോക്താക്കൾ ഉരുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ

2) ഗുണഭോക്താക്കൾ വാങ്ങിയ ഉരുക്കളുടെ ആരോഗ്യ പരിശോധന സർട്ടിഫിക്കറ്റ് (നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയത്)

3) ഉരുക്കളുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം (നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയത്)

4) വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളായും ഉള്ള പർച്ചേസിങ്ങ് കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. എന്നാൽ പർച്ചേസിങ്ങ് കമ്മിറ്റി മുഖേന വാങ്ങൽ നടപടികൾ സ്വീകരിച്ചതിന്റെ രേഖകളോ , മിനിട്സുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പദ്ധതി മോണിറ്ററിംഗ് സമിതി സാക്ഷ്യപത്രങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിന് 16.11.2023 ന് നൽകിയ 52-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് പരാമർശിത രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ 13,80,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 വനിതകൾക്ക് പെണ്ണാട് വളർത്തൽ (എസ്.ടി) - പദ്ധതി ചെലവ് രേഖകൾ അപൂർണ്ണം

പ്രോജക്ട് നം. S0135/23

ചെലവ് തുക - 3,20,000/-രൂപ - വികസന ഫണ്ട് (എസ്.സി.പി)

ബിൽ റഫറൻസ് നമ്പർ. - 22200552014201358276, തീയതി.15.03.2023, Rs.16,000/-

- 22200552014201005248, തീയതി.16.01.2023, Rs.1,60,000/-

- 22200552014201053370, തീയതി.17.01.2023, Rs.32,000/-

- 22200552014200893811, തീയതി.12.12.2022, Rs.16,000/-

- 22200552014200866898, തീയതി.06.12.2022, Rs.16,000/-

- 22200552014201413451, തീയതി.20.03.2023, Rs.80,000/-

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പാക്കിയ വനിതകൾക്ക് പെണ്ണാട് വളർത്തൽ പദ്ധതി (എസ്.ടി) പ്രകാരം 3,20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുപ്രകാരം 20 ഗുണഭോക്താക്കൾക്ക് 2 ആടുകളെ 16,000/-രൂപ വില നിശ്ചയിച്ച് 50% സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ,

2) ആടുകളെ മൂന്ന് വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യുകയില്ലയെന്നത് സംബന്ധിച്ച് ഗുണഭോക്താക്കളുമായി ഒപ്പുവെച്ച കരാറുടമ്പടി പത്രിക,

3) ഗുണഭോക്താക്കൾ വാങ്ങിയ ആടുകളുടെ ആരോഗ്യ പരിശോധന സർട്ടിഫിക്കറ്റ് (നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയത്)

4) പർച്ചേസിങ്ങ് കമ്മിറ്റി സാക്ഷ്യപത്രങ്ങൾ

5) ആടുകളുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം (നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയത്).

മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിന് 16.11.2023 ന് നൽകിയ 50-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് പരാമർശിത രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ 3,20,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 വനിതകൾക്ക് ആട് വളർത്തൽ പദ്ധതി (ജനറൽ) - ചെലവ് രേഖകൾ അപൂർണ്ണം.

ചെലവ് തുക	വികസന ഫണ്ട് (ജനറൽ) - 10,48,000/-
ബിൽ റഫറൻസ് നമ്പർ.	22200552014201488440, തീയതി.27.03.2023, Rs.72,000/-
	22200552014201434417, തീയതി.22.03.2023, Rs.40,000/-

	222005520142014134 59, തീയതി.20.03.2023, Rs.1,52,000/-
	222005520142013582 62, തീയതി.15.03.2023, Rs.56,000/-
	222005520142012192 72, തീയതി.18.02.2023, Rs.88,000/-
	222005520142010533 72, തീയതി.17.01.2023, Rs.16,000/-
	222005520142010052 45, തീയതി.06.01.2023, Rs.3,84,000/-
	222005520142008938 14, തീയതി.12.12.2022, Rs.1,76,000/-
	222005520142008669 00, തീയതി.06.12.2022, Rs.64,000/-

വെറ്റിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പാക്കിയ വനിതകൾക്ക് ആട് വളർത്തൽ പദ്ധതി (ജനറൽ, പ്രോജക്റ്റ് നം.S0133/23) പ്രകാരം 10,48,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുപ്രകാരം 131 ഗുണഭോക്താക്കൾക്ക് 2 ആടുകളെ 16,000/-രൂപ വില നിശ്ചയിച്ച് 50% സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ.

2) ആടുകളെ മൂന്ന് വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യുകയില്ലയെന്നത് സംബന്ധിച്ച് ഗുണഭോക്താക്കളുമായി ഒപ്പുവെച്ച കരാറുടമ്പടി പത്രിക.

3) ഗുണഭോക്താക്കൾ വാങ്ങിയ ആടുകളുടെ ആരോഗ്യ പരിശോധന സർട്ടിഫിക്കറ്റ് (നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയത്)

4) പർച്ചേസിങ്ങ് കമ്മിറ്റി സാക്ഷ്യപത്രങ്ങൾ.

5) ആടുകളുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം. (നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയത്)

